പുസ്തകം ൩. ലക്കം ൩.

സഹൃദയ

രാമപുരത്തു വാര്യരും കുചേലവൃത്തവും

പി. കെ. പരമേശ്വരൻ നായർ ബി. എ.

രാമപുരത്തുവാര്യർ! എത്ര വിനയനമ്രമായ ഒരു രൂപത്തിന്റെ പ്രതീതിയാണു് ഈ നാമശ്രവണത്തിൽ നമുക്കുണ്ടാകുന്നതു്. പാണ്ഡിത്യവും ദാരിദ്ര്യവും തമ്മിലുള്ള നിതാന്ത സഖ്യത്തിനു് ഇതിനേക്കാൾ ഹൃദയംഗമമായ മറെറാരു ദൃഷ്ടാന്തം എവിടെയാണു്? പുരുഷപ്രാപ്തി കഴിഞ്ഞിട്ടും ജീവിതവൃത്തിക്കു നിവൃത്തിയില്ലാതെ സ്വഗൃഹംവിട്ടു് വിപുലമായ ലോകത്തേക്കിറങ്ങി അന്നദാനപ്രഭുവായ വൈക്കത്തു് പെരുംകോവിലപ്പന്റെ ദിവ്യസന്നിധിയിൽ ആ സാധു ശരണം പ്രാപിക്കുന്നു. അവിടെ എഴുന്നള്ളിയ വഞ്ചിരാജകുലോത്തംസമായ ശ്രീവീരമാർത്താണ്ഡവർമ്മ മഹാരാജാവിനു് ഏതാനും ശ്ലോകങ്ങൾ അടിയറ വയ്ക്കുന്നതിനു് സംഗതിയാകുന്നു. മഹാരാജാവിന്റെ കരുണാകടാക്ഷം ആ വശ്യവചസ്സിൽ പതിയുന്നു. തിരിച്ചു് തിരുവനന്തപുരത്തേക്കുള്ള എഴുന്നള്ളത്തുഘട്ടത്തിൽ കായൽക്കടവിൽ വിനയാദരപുരസ്സരം നിൽക്കുന്ന വാര്യർ ബോട്ടിൽ കയറിക്കൊള്ളുവാൻ ആജ്ഞപ്തനാകുന്നു. അടുത്ത കല്പന ഒരു വഞ്ചിപ്പാട്ടുണ്ടാക്കി വഞ്ചിക്കാർക്കു് പാടിക്കൊടുക്കണമെന്നത്രേ? സാക്ഷാൽ പെരുംതൃക്കോവിലപ്പനെ സ്തുതിച്ചുകൊണ്ടു് വാര്യർ തന്റെ കവിതാപ്രവാഹത്തിൽ സ്വച്ഛന്ദമായ സ്വാതന്ത്ര്യം അനുവദിക്കുന്നു. വാര്യരെപ്പോലെതന്നെ ദരിദ്രനായിരുന്ന കുചേലബ്രാഹ്മണന്റെ ശ്രീകൃഷ്ണദർശനത്തിലേക്കുള്ള ദ്വാരകായാത്രയിൽ ഭഗവാൻ തന്റെ പൂർവ്വസതീർത്ഥ്യനെ സൽക്കരിച്ചു് ലക്ഷ്മീതല്പത്തിന്മേലിരുത്തി സ്വയം മറന്നു് സർവ്വസ്വവും നൽകി അനുഗ്രഹിച്ച പുരാണകഥയത്രേ വഞ്ചിപ്പാട്ടുരൂപത്തിൽ വാര്യരിൽനിന്നും വിനിർഗ്ഗളിച്ചതു്. കുചേലബ്രാഹ്മണന്റെ 'കുചിപിടകം' ദ്വാരകാധിപനായ ഭഗവാനു് എത്ര രുചിപ്രദമായി ഭവിച്ചുവോ അത്രതന്നെ വാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ടു് മഹാരാജാവിനു് ഹൃദ്യമായിത്തോന്നുന്നു. അവിടുന്നു് ആയതു് ആകണ്ഠം ആസ്വദിക്കുന്നു. വാര്യർ രാജധാനിയിൽനിന്നും കാലക്രമേണ മടങ്ങി രാമപുരത്തു ചെന്നപ്പോഴാണു മാർത്താണ്ഡവ

ർമ്മമഹാരാജാവിന്റെ 'ശ്രീകൃഷ്ണത്വം' പൂർണ്ണമായി മനസ്സിലാകുന്നത്. തന്റെ പഴയ ചെററക്കുടിൽ നിന്നിരുന്ന സ്ഥാനത്ത് അതാ "അമ്പതിനായിരത്താണ്ടു കഴിഞ്ഞാലും ലയമില്ലാത്ത" ഒരു മനോഹരഹർമ്മ്യം കിളുന്നു നിൽക്കുന്നു. ഒരു രണ്ടാം ദ്വാരകയിലേയ്ക്കെന്നപോലെ ഗൃഹത്തിലേക്ക് മടങ്ങിച്ചെന്ന കുചേലബ്രാഹ്മണനുണ്ടായ ആനന്ദാത്ഭുതരസങ്ങളെ എത്രയും സ്വാഭാവികവും ഹൃദയംഗമവുമായി വഞ്ചിക്കാർക്ക് കായൽപരപ്പിൽവച്ചു പാടിക്കൊടുത്ത വാര്യർക്ക് അതിന്റെ യഥാർത്ഥതന്മയത്വവും അനുഭൂതിയും അപ്പോഴുണ്ടായിരിക്കണം.

വഞ്ചിരാജസന്നിധിയിൽ വിനയാനതവക്ത്രനായി നിന്ന് വാര്യർ അന്ന് പാടിയ ആ ഗാനഝരിക കേവലം ഭൗമമായിട്ടുള്ളതല്ലായിരുന്നു. അത് അക്ഷരംപ്രതി അമൃതനിഷ്യന്ദിയായ ഒരു സ്വർഗ്ഗീയഗാനം തന്നെയായിരുന്നു. കായലിലെക്കാററിൽ മുഴങ്ങി അത് അന്നുതന്നെ വായുമണ്ഡലത്തിൽ ലയിച്ചു പോയില്ല. അനന്തരകാലത്ത് അത് കേരളത്തിന്റെ നാനാഭാഗത്തുമുള്ള അനവധി ജലാശയങ്ങളിൽ വഞ്ചിസമൂഹങ്ങളിൽ ആനന്ദോത്സവങ്ങൾ ആഘോഷിക്കുന്ന ലക്ഷോപലക്ഷം ജനങ്ങളുടെ കണ്ഠനാളങ്ങളിൽനിന്നും അനവദ്യമായി മുഴങ്ങിക്കൊണ്ടിരുന്നു. ഇന്നും ആ മഹാഭാഗ്യം അനുഭവിക്കുന്നതോടുകൂടിത്തന്നെ ആ എളിയപാട്ട് സർവ്വകലാശാലകളിലെ അദ്ധ്യേതാക്കളുടേയും മററും സവിസ്തരമായ പഠനത്തിനും കേരളീയരായ സഹൃദയലോകത്തിന്റെ നിരന്തരാസ്വാദനത്തിനും പാത്രമായി പരിലസിക്കുന്നു.

ഈ വഞ്ചിപ്പാട്ടിന് സഹൃദയലോകത്തിലും നിർമ്മത്സരരായ നിരൂപകരുടെ ദൃഷ്ടിയിലും ഏകദേശം രണ്ടു ശതാബ്ദകാലമായി ലഭിച്ചിട്ടുള്ള ആസ്വാദനത്തിനും ബഹുമതിക്കും കാരണമെന്തെന്നു പരിശോധിക്കാം. ഏതു ഗ്രന്ഥത്തിലും പ്രതിപാദിതമായിരിക്കുന്ന വിഷയത്തിന്റെ സ്വഭാവം തദ്ഗ്രന്ഥത്തിന്റെ ഉൽക്കർഷത്തിനോ അപകർഷത്തിനോ കാരണമാകാറുണ്ട്. സാർവജനീനമായ താൽപര്യമുളവാക്കുവാൻ പര്യാപ്തമായ ഒരു വിഷയം കവിതാരചനയ്ക്ക് തെരഞ്ഞെടുക്കുവാൻ സാധിക്കുന്ന കവി ഭാഗ്യവാനാണ്. ഒരു ഗ്രന്ഥത്തിന്റെ പേരുതന്നെ ചിലപ്പോൾ അതിന്റെ മാഹാത്മ്യത്തിന് പകുതി കാരണമായിത്തീർന്നേക്കാം. കുചേലവൃത്തത്തിന് ഈ വിധം അനിതരസാധാരണമായ ഒരു ഗുണമഹിമയുണ്ട്. ലോകജീവിതത്തിൽ ഏതൊരു മനുഷ്യന്റേയും പരിചയസീമയിലും അനുഭവപരിധിയിലും ഉൾപ്പെടുന്ന ചില തത്വങ്ങൾ കുചേലകഥയിൽ അടങ്ങിയിരിക്കുന്നു. ബാല്യത്തിലേയും യൗവനത്തിലേയും വിദ്യാഭ്യാസകാലവും അന്നത്തെ ഹൃദയംഗമമായ സൗഹാർദ്ദബന്ധങ്ങളും സ്മൃതിപഥത്തിൽ ഗാഢമായി പതിഞ്ഞിട്ടില്ലാത്ത ഒരൊററ വ്യക്തിയെങ്കിലുമുണ്ടോ? ഫലാകാംക്ഷ കൂടാതെ ഹൃദയൈക്യം കൊണ്ടുമാത്രം ഉണ്ടാകുന്ന പരിപാവനമായ സൗഹൃദബന്ധം അതിന്റെ ആനന്ദലഹരിയിൽ ആറാടിക്കൊണ്ട് ഒരുവൻ അന്ന് നിർവ്വഹിക്കുന്ന മഹനീയങ്ങളും ചിലപ്പോൾ സാഹസികങ്ങളുമായ കൃത്യശതങ്ങൾ; ജനനമോ ധനസ്ഥിതിയോ വിസ്മരിച്ചുള്ള സർവ്വതോമുഖമായ സമഭാവന; "ഞാൻ

രാജാവാകുന്നപക്ഷം നീ എന്റെ പ്രധാനമന്ത്രി" എന്നും മററുമുള്ള ആത്മാർത്ഥപ്രതിജ്ഞകളം; ഇതെല്ലാം ബാല്യകാലത്തെ വിദ്യാർത്ഥിജീവിതത്തെപ്പററി അനന്തരകാലത്തൊരുവനുണ്ടാകാവുന്ന മധുരസ്മരണകളാണ്. എന്നാൽ പിൽക്കാലത്തെ അനുഭവങ്ങൾ എത്ര വ്യത്യസ്തങ്ങളായി പരിണമിക്കുന്നു! അന്നു പറഞ്ഞിരുന്നതുപോലെ രാജപദവി ലഭിക്കുന്നവൻ തന്റെ മന്ത്രിസത്തമനെ നിശ്ശേഷം വിസ്മരിക്കുന്നു. മന്ത്രിയാകേണ്ടവൻ ഇന്നൊരു മൺവെട്ടിക്കാരൻ; അല്ലെങ്കിൽ ഒരു ചെററപ്പുരയിലെ ദാരിദ്ര്യവിചാരിപ്പുകാരൻ. അയാൾ രാജാവായ പൂർവ്വസതീർത്ഥ്യനെക്കണ്ടു തൽകാലദാരിദ്ര്യശാന്തിക്കെങ്കിലും മാർഗ്ഗമുണ്ടാക്കാൻ ചെല്ലുകയാണ്. പാഞ്ചാലരാജാവായ ദ്രുപദന്റെ സന്നിധിയിൽ ചെന്ന, പൂർവ്വസതീർത്ഥ്യനായ ദ്രോണാചാര്യരെപ്പോലെ അവമാനിതനായി ആ സാധു പിന്തിരിയേണ്ടിവരുന്നു. ഇതെല്ലാം സാധാരണലോകത്തിലെ ജീവിത സംഭവങ്ങളാണ്. മനുഷ്യസ്വഭാവത്തിന്റെ നിർദ്ദാക്ഷിണ്യവും സ്നേഹരഹിതവുമായ ഈ വശത്തെപ്പററി സാമാന്യലോകം ഹൃദയം നൊന്തു പരിതപിക്കയാണു ചെയ്യുന്നതു്. അങ്ങിനെയിരിക്കെ ലക്ഷോപലക്ഷങ്ങളിൽ ഒന്നോ രണ്ടോ വ്യക്തികൾ ഈ സ്വഭാവത്തിൽനിന്നും വിഭിന്നരായി പൂർവ്വസൗഹാർദ്ദത്തെ ഊഷ്മളമായവിധം പരിപാലിച്ച് ദാക്ഷിണ്യസൗജന്യങ്ങളെ കൈവെടിയാതെ, നിസ്സഹായരായ പഴയ സുഹൃത്തുക്കളോടു സ്നേഹവാത്സല്യപുരസ്സരം പെരുമാറുന്നുവെങ്കിൽ അതു മേൽപറഞ്ഞവിധം പരിതപ്തമായ ലോകത്തിന് എത്രയും ആശ്വാസപ്രദമായിരിക്കയില്ലേ? അങ്ങനെയുള്ള മഹാത്മാക്കളുടെ അപദാനങ്ങൾ സാമാന്യലോകം സർവ്വാത്മനാ പ്രകീർത്തിക്കുന്നതു് സ്വാഭാവികമല്ലേ? ആ അപദാനങ്ങളിൽ ഏതൊരു മനുഷ്യഹൃദയമാണ് നിർല്ലീനമായിത്തീരാത്തതു്? കുചേലവൃത്തം കഥയുടെ മഹാത്മ്യമാണു ഞാൻ മേൽ സൂചിപ്പിച്ചതു്. കുചേലൻ ലോകത്തിലെ ഭൂരിപക്ഷമായ ദരിദ്രലക്ഷങ്ങളെ പ്രതിനിധീകരിക്കുന്നു. ഏതൊരു വായനക്കാരനും കുചേലനോട് അനുകമ്പ വരാതിരിക്കുവാൻ ന്യായമില്ല. ആ കുചേലനാകട്ടെ അമാനുഷപ്രഭാവനും ദ്വാരകാധിപതിയുമായ ശ്രീകൃഷ്ണന്റെ പൂർവ്വസഹപാഠിയും ആപ്തമിത്രവുമാണ്. സാധാരണ ലോകസ്വഭാവമനുസരിച്ചു നോക്കുമ്പോൾ, ബാല്യകാലത്തു് സാന്ദീപനിയുടെ ആശ്രമത്തിൽ സഹപാഠികളായി കഴിഞ്ഞിരുന്ന ആ ബാലന്മാർ അന്നു പരിപാലിച്ചുവന്ന സൗഹൃദബന്ധം ശ്രീകൃഷ്ണപക്ഷത്തിൽ, കറുത്തപക്ഷത്തിലെ ചന്ദ്രനെപ്പോലെ ശോഷിച്ച് ഒടുവിൽ ഏതാണ്ടു നാമാവശേഷമാകേണ്ടിയിരുന്ന ഒരു കാലമായിരുന്നു അതു്. എന്നാൽ അതിൽനിന്ന് എത്രയോ വ്യത്യസ്തമായി ആ സൗഹൃദം പൂർണ്ണചന്ദ്രന്റെ പ്രകാശത്തോടും പൊലിമയോടും കൂടി നിലകൊണ്ടിരുന്നു. ഈ അസാധാരണത്വംകൊണ്ടത്രേ കുചേലവൃത്തം ജനതാഹൃദയത്തെ ചന്ദ്രോദയവേളയിലെ സമുദ്രംപോലെ കല്ലോലിതമാക്കിത്തീർക്കുന്നതു്. ദരിദ്രനെ മഹാപ്രഭു ആലിംഗനംചെയ്തു സ്വതല്പത്തിന്മേൽ കയററിയിരുത്തുന്ന അപൂർവസംഭവം നാം കുചേല

സ്ത്രീ

(പാലാ നാരായണൻ നായർ

ജീവനിൽ കൊരുത്തിട്ട വിശ്വസൗന്ദര്യം കൊണ്ടെൻ-
പൂവനം വിളക്കുന്നോളായ നീ, വിചിത്രതേ!
ഓതിടാം 'സ്ത്രീ'യെന്നു നീയെങ്കിലോ ദുർഗ്രാഹ്യമാം
വേദസൂക്തികയാണാ വാക്കെനിയ്ക്കെല്ലായ്പ്പോഴും!
എത്ര വാക്കരിയാടിപ്പോന്നു ഞാൻ, പിടി കിട്ടാ-
തിത്രനാളൊഴിഞ്ഞുള്ളതൊന്നു നിൻ നാമംമാത്രം.
'ദുർബ്ബലം ചപലം നിൻ ജീവിതം' പക്ഷേ നിന്നെ
നിർഭയം നോക്കാൻപോലും പാരിടം പഠിച്ചില്ല.
മാത്രകൊണ്ടുരച്ചീടാമെങ്കിലിപ്പേരോ, വിശ്വം
മാറ്റൊലിക്കൊള്ളിക്കുന്നു മേഘനിർഘോഷംപോലെ.

നിന്നിലുൾത്തിങ്ങുന്നുണ്ടു സർവ്വവും, ജഗത്തിന്റെ
മുന്നിൽ നീ കൊടുങ്കാററാണന്നുതൊട്ടിന്നോളവും!
കോമളം മഴവില്ലായ് നില്പു നീ വർഷത്തിന്റെ
കോണിലും വെളിച്ചത്തിൻ വെൺമുത്തു പാകിപ്പാകി.
പുൽക്കൊടിത്തുമ്പിൽപോലും പൂവിട്ടുപോരും നിന്റെ
പുൽകലും പുതുസ്മിതക്കൊഞ്ചലും കുണുങ്ങലും!!

വൃത്തത്തിൽ കാണുന്നു. കുചേലൻ സാമാന്യലോകത്തിന്റെ പ്രതിനിധിയാണെന്ന് മേൽ സൂചിപ്പിച്ചുവല്ലോ. സാമാന്യലോകത്തിൽ ഓരോ വ്യക്തിയും ഭഗവാന്റെ ആലിംഗനം സ്വസിരകളിൽ സ്വയം അനുഭവിക്കുന്നു. കുചേലകഥയിൽ ജനസാമാന്യത്തിലുള്ള അസാമാന്യമായ പ്രതിപത്തിയുടെ രഹസ്യം ഇവിടെ വിശദമാകുന്നു. ഈ കാരണത്താൽ തന്നെയാണ് കുചേലവൃത്തം കഥാവിഷയമാക്കിയ രാമപുരത്തു വാര്യർ ഭാഗ്യവാനായത്. അദ്ദേഹത്തിന്റെ സാഹിത്യവിജയത്തിൽ അർദ്ധാംശം അതിൽ തന്നെ കൈവന്നു. (തുടരും)

കലാലോകം

9839

ഇടയാറന്മുള കെ. എം. ഡാനിയൽ (Arts College).

കവികൾ പറയാറുണ്ട് ഈശ്വരൻ ഒരു കലാകാരനാണെന്ന്. ശരി, ആ ശക്തിസ്വരൂപന്റെ കലാസൃഷ്ടി തന്നെയാണല്ലോ ഇക്കാണുന്ന പ്രകൃതി മുഴുവനും. ആ സർവ്വാന്തര്യാമി, നീലവിൺകടലാസ്സിൽ പൊൻതാരകാക്ഷരങ്ങളാൽ കാവ്യങ്ങൾ ആലേഖനം ചെയ്യുക അസാധാരണമല്ല; കളകണ്ഠങ്ങളുടെ കണ്ഠത്തിൽ വീണാതന്ത്രികൾ ചേർത്ത് അവയെ യഥാവസരം സ്പന്ദിപ്പിച്ചു സുമധുരസംഗീതം പുറപ്പെടുവിക്കാറുമുണ്ട്; ചിലപ്പോൾ അരുണകരനികരങ്ങളാൽ അന്തിച്ചെമപ്പണിഞ്ഞ വിയന്മാർഗ്ഗത്തിലെങ്ങും മോഹനരൂപങ്ങൾ ചിത്രീകരിക്കുകയും ചെയ്യും; ചെന്താമരപ്പൂക്കളെ ഇളംതണ്ടുകളോടും, ചന്ദ്രബിംബത്തെ ചക്രവാളപ്രാന്തത്തോളം ചിന്നുന്ന വെൺചന്ദ്രികാകിരണങ്ങളോടും, ചിത്രശലഭങ്ങളെ സുന്ദരങ്ങളായ പൂഞ്ചിറകുകളോടും ചേർത്തു നിബന്ധിക്കുന്നതു സാധാരണമാണ്; എന്തിനധികം?--ശക്ത്യുത്തേജിതനായതിനാൽ ഈ വിധത്തിൽ സുന്ദരസൃഷ്ടി നിർവ്വഹിക്കുന്ന ഈശ്വരൻ എങ്ങനെ ഒരു കലാകാരനല്ലാതെയിരിക്കും? ഈശ്വരന്റെ കലാസൃഷ്ടിയായ പ്രകൃതിയിലെ സകല വസ്തുക്കളിലും അനന്തശാന്തമായ ഒരു ദിവ്യസൗന്ദര്യം വിളയാടുന്നുണ്ട്.

ഈശ്വരാംശങ്ങളാണു മനുഷ്യർ എന്നു

ശുഷ്കമാം കുടുംബത്തിൻ ചില്ലയിൽ ചെണ്ടും ചാർത്തി
നില്ക്കുവേ നിന്നെക്കണ്ടു കൈതൊഴും സൗഭാഗ്യങ്ങൾ.
അന്തിയിൽ പ്രകാശിക്കും കൈവിളക്കുമായ് വീട്ടി-
ന്നന്തികത്തണയും നീ മംഗല്യസ്വരൂപിണി.
കുങ്കുമം ചാർത്തിക്കുന്നു നിൻകരം പ്രഭാതത്തിൻ-
മങ്കയോടൊപ്പം വീട്ടിന്നങ്കണ പ്രദേശത്തിൽ.
താരിട്ടു മിന്നും നിന്റെ കാൽവെയ്പാൽ പവിത്രമായ്-
ത്തീരുവാൻ പുണ്യംചെയ്തു നില്ക്കുന്നു കുടുംബങ്ങൾ.
ക്രൂരിരുട്ടിനെപ്പുത്തൻ പൂനിലാവാക്കാൻ നിന്റെ
നീരവസ്മിതം പോരും, നിന്മിഴിപ്രഭ പോരും!
നിന്മഞ്ജുളാലാപത്താൽ നിർവ്വൃതിക്കൊണ്ടീടുന്ന
ജന്മമേ ജന്മം! നീയാണാലംബം, പരബ്രഹ്മം!
മാതൃത്വം, മഹാപുണ്യ ക്ഷേത്രമാണവിടേയ്ക്കു-
നേതൃത്വം നിനക്കത്രേ താരുണ്യപ്രകാശിനി!
പഥികൻ പരാധീനൻ ഞാനിനി നിന്നോടൊത്തു
പതിവായ് ഭജിയ്ക്കാമക്ഷേത്രഗോപുരത്തിങ്കൽ!!

വേദാന്തികൾ വാദിക്കുന്നു. ഇതും ശരിയായിരിക്കാം. അതുകൊണ്ടു തന്നെയല്ലേ മനുഷ്യനും കലാകാരനായിത്തീർന്നിട്ടുള്ളതു്? ദിവ്യത്വത്തിന്റെ ഒരങ്കുരം, ഒരു സ്ഫുലിംഗം, ഒരു നിശ്വാസമല്ലേ മനുഷ്യന്റെ കലാവിദ്യകളിലെ സൃഷ്ടികാരകമായ നോദനശക്തി? ദിവ്യത്വത്തിന്റെ അംഗങ്ങളായ ഇച്ഛാശക്തി, ക്രിയാശക്തി, ജ്ഞാനശക്തി എന്നിവയുടെ സൗഹാർദ്ദ സമ്മേളനത്തിന്റെ പരിപാകമല്ലേ സംഗീത സാഹിത്യാദികൾ? അത്തരം കലകൾ അനവധിയാണെന്നു ഭാരതീയാചാര്യന്മാർ ഉദീരണം ചെയ്തിട്ടുണ്ടു്. നൃത്തം ഗീതം തുടങ്ങി അറുപത്തിനാലു കലകളെക്കുറിച്ചു ശൈവതന്ത്രത്തിലും വാത്സ്യായനന്റെ കാമസൂത്രത്തിലും പ്രതിപാദിക്കുമ്പോൾ കലകൾ എഴുപത്തിരണ്ടു വിധമെന്നു് ഉത്തരാദ്ധ്യയനസൂത്രം പ്രസ്താവിക്കുന്നു. വാത്സ്യായനവ്യാഖ്യാതാവായ യശോധരനാകട്ടെ, "ചതുഷ്ഷഷ്ടിർമൂലകലാഃ ആസാമവാന്തര നിവിഷ്ടാനാമഷ്ടാദശാധികാനി പഞ്ചശതാന്യുക്താനി" എന്ന അഭിമതമാണുള്ളതു്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അറുപത്തിനാലു മൂലകലകളെ പിന്നെയും അഞ്ഞൂററിപ്പതിനെട്ടായി തരംതിരിക്കാം. പാശ്ചാത്യരും ഇക്കാര്യത്തിൽ ഭിന്നമായ ഒരു വീക്ഷണകോടിയല്ല അവലംബിച്ചിട്ടുള്ളതു്. അവരുടെ അഭിപ്രായപ്രകാരം, പ്രകൃതിയിൽ നിന്നു ഭിന്നമായിക്കാണുന്നതെല്ലാം കലയാണു്. മനുഷ്യന്റെ സകല പ്രവൃത്തികളും, അവയുടെ ഫലങ്ങളും കല (Art) എന്ന പദം കൊണ്ടു നിർദ്ദേശിക്കാവുന്നതാകുന്നു. കൃഷിയും, പാചകവും, യുദ്ധവും ഭരണവുമെല്ലാം കലകൾ തന്നെ. സിസറോ (Cicero) തുടങ്ങിയവർ ശാസ്ത്രത്തെപ്പോലും കലാപരിധിയിൽ പെടുത്തിയിരുന്നു. എങ്കിലും, ഒരു വശത്തു പ്രകൃതിയിൽ നിന്നും, മറുവശത്തു ശാസ്ത്രത്തിൽ നിന്നും വ്യതിരിക്തമായിരിക്കുന്ന വയാണു കലകളെന്നുള്ള അഭിപ്രായമത്രേ പാശ്ചാത്യർ സാർവ്വത്രികമായി അംഗീകരിച്ചിട്ടുള്ളതു്.

യൂറോപ്യകലാനിരൂപകന്മാർ സൗകര്യാനുസരണം കലകൾക്കു് സുന്ദരകലകളെന്നും (Aesthetic Arts), പ്രായോഗിക കലകളെന്നും (Useful Arts) രണ്ടു മഹാ വിഭാഗം നല്കുന്നുണ്ടു്. സുന്ദരകലകൾക്കു ലളിതകലകൾ, സുകുമാരകലകൾ, കോമളകലകൾ, വിനോദകലകൾ എന്നും, പ്രായോഗികകലകൾക്കു് ഉപയോഗകലകൾ, പ്രയോജന കലകൾ എന്നും പേരുകൾ പറയാറുണ്ടു്. ആയുധനിർമ്മാണം, വസ്ത്രരചന, യന്ത്രനിർമ്മാണം തുടങ്ങിയ ഒട്ടനേകം കലകൾ പ്രയോജനകലകളാണു്. വാസ്തുവിദ്യാ അഥവാ ആലയനിർമ്മാണം, പ്രതിമാരചന, ചിത്രലേഖനം, സംഗീതം, സാഹിത്യം എന്നിവയാണു കോമളകലയിൽ പ്രാധാന്യമർഹിക്കുന്നവ. ഈ പഞ്ചമഹാകലകളോടു് അഭിനയം, നൃത്തം എന്നിവയും ചിലർ കൂട്ടിച്ചേർക്കാറുണ്ടു്. സുന്ദരകലകളെത്തന്നെ പിന്നെയും ഉച്ചാരണാത്മകകലകൾ, ആകാരാത്മകകലകൾ ഉഭയാത്മകകലകൾ എന്നു മൂന്നായി വിഭജിക്കാം. പക്ഷേ, ആ വിഭജനം കൊണ്ടു് ഇവിടെ വലിയ പ്രയോജനമൊന്നുമില്ല.

എന്നാൽ—ഈ 'കല' എന്താണു്? ഇതു് വിവാദഗ്രസ്തമായ ഒരു വിഷയമാകുന്നു. പ്രപഞ്ചത്തിലുള്ള സകലസംഭവ

ങ്ങളേക്കുറിച്ചും യുക്തിപൂർവം വിചിന്തനം ചെയ്ത്, ആ വകസംഗതികളെപ്പററി മനുഷ്യമനസ്സിനുണ്ടാകാവുന്ന സകലവിധസംശയങ്ങൾക്കും പരിഹാരം കണ്ടുപിടിക്കുവാൻ അശ്രാന്തപരിശ്രമം ചെയ്ത് വിജയമകുടം ചൂടിയ ഭാരതീയർ, കലകളുടെ ഉത്പത്തിസ്ഥിതിലയങ്ങളെക്കുറിച്ച് സമഗ്രചിന്തനം നടത്തിയിട്ടില്ലെന്നുള്ളത് വളരെ അത്ഭുതകരമായിത്തോന്നുന്നു*. കവിത, സംഗീതം തുടങ്ങിയ ഓരോ പ്രത്യേക കലകളെക്കുറിച്ചും അത്യഗാധമായി ചിന്തിച്ച് ആവക കലകളുടെ സൌന്ദര്യസാരസർവസ്വവുമനുഭവിച്ചറിഞ്ഞ് ആ സൌന്ദര്യാസ്വാദനത്തിൽനിന്ന് സംജാതമായ പരമാനന്ദത്തിലൂടെ ഈശ്വര സാക്ഷാത്കാരം സാധിച്ച ഭാരതീയാചാര്യന്മാർ.

നൃത്തം ഗീതം തഥാ വാദ്യ-
മാലേഖ്യം മണിഭൂമികാഃ
ദശനാദ്യംഗരാഗശ്ച-
മാല്യ ഗുംഫവിചിത്രിതാഃ "എന്നുതുടങ്ങി കലകളുടെ പേരുമാത്രം പറഞ്ഞു തൃപ്തിപ്പെട്ടതല്ലാതെ, വിവിധങ്ങളായ കലകളിലെല്ലാം അന്തർഭവിച്ചിരിക്കുന്ന സാമാന്യതത്വമെന്തെന്നോ, പ്രതിഭാവിലസിതനായ മനുഷ്യന്റെ പ്രവൃത്തിപരമ്പര കാലാവലിയായ് ചമയുന്നതു് ഏതെല്ലാം വിധത്തിലെന്നോ ചിന്തിച്ച തീർച്ചപ്പെടുത്തുവാൻ ശ്രമം ചെയ്തതായി അറിയുന്നില്ല. വിശാഖിലൻ മുതലായ മഹർഷിമാർ കലാശാസ്ത്രനിർമ്മാണ സമുത്സുകരായിരുന്നു എന്ന് ഭാരതവർഷം മുഴുവനും കേട്ടുകേൾവിയുണ്ടെങ്കിലും അവരുടെ കൃതികൾ ഇതുവരെയായും കണ്ടെടുത്തിട്ടില്ല. തന്നിമിത്തം ഈ വിഷയത്തിൽ ഭാരതീയാഭിപ്രായമെന്തെന്ന് തീരുമാനിക്കുവാൻ നമുക്ക് ഇപ്പോൾ കഴിവില്ലാതെയാണിരിക്കുന്നതു്.

ഇനിയും നമുക്ക് പാശ്ചാത്യദേശങ്ങളിലേക്കു കടക്കാം. അവിടെയാണ് ഇക്കാര്യത്തിൽ അഭിപ്രായഭിന്നതയുടെ വിളയാട്ടം അർവാചീനന്മാരും പുരാതനന്മാരുമായ പാശ്ചാത്യന്മാരെല്ലാവരും കലയുടെ ഉത്പത്തിയെങ്ങനെയെന്നു കണ്ടുപിടിക്കാൻ പരിശ്രമിച്ചിട്ടുണ്ട്. കലയുടെ ഏതൊരംശമാണോ ഒരു കലാനിരൂപകന്റെ സത്വരശ്രദ്ധയെ ആകർഷിച്ചിട്ടുള്ളതു് ആ അംശം മാത്രമായിരിക്കും കലയ്ക്കു് അത്യന്താപേക്ഷിതമെന്ന് അയാൾ പറയുക. സ്വമതസ്ഥാപനത്തിന് ഇതരമതഖണ്ഡനവും അയാൾ സാധിച്ചിരിക്കും ഈ കലാനിരൂപകന്മാരിൽ കാലംകൊണ്ട് പ്രഥമഗണനീയനായിട്ടുള്ളതു് പ്ലേറോ എന്ന താത്വികനാണ്. അദ്ദേഹമാകട്ടെ കലാകാരന്മാരെ കേവലം അനുകാരകന്മാരെന്നാകുന്നു അഭിസംബോധനം ചെയ്യുന്നതു്. †ലളിതകലാകാരന്മാരെല്ലാം അനുകർത്താക്കളാകയാൽ വിപജ്ജനകന്മാരാണെന്നാണ് ആ തത്വചിന്തകാഗ്രണിയുടെ വാദം. പാശ്ചാത്യകലാനിരൂപകന്മാരിൽ സർവഥാ പ്രാധാന്യമർഹിക്കുന്ന അരിസ്റ്റോട്ടൽ എന്ന യവനചിന്തകൻ, മനുഷ്യന്റെ അനുകരണവാസനയുടെ

* സമഗ്രവും ഗഹനവുമായ ചിന്തനം നടത്തിയിട്ടുള്ളവർ ഉണ്ട്. Ed.

† Plato's "Republic" Books 3 & 10.

പരിണതഫലമാണു കലയെന്നുള്ള പ്ലേറ്റോവിൻെറ അഭിമതം വികസിപ്പിച്ചു വിസ്തരിക്കുകയാണു ചെയ്തിട്ടുള്ളത്. മനുഷ്യനെ ഇതരജീവികളിൽനിന്നും വ്യതിരിക്തനാക്കുന്ന അനുകരണവാസനയാണു കലോത്പത്തിക്കു നിദാനം* എന്നുള്ള അരിസ്റ്റോട്ടലിൻെറ അഭിപ്രായം സർവ്വഥാ സ്വീകാര്യമാണെന്നു തോന്നുന്നില്ല. പ്രതിമ, ചിത്രം മുതലായി അനുകരണാത്മകങ്ങളായ കലകളുണ്ടെന്നു സമ്മതിക്കാം. എന്നാൽ, സംഗീതം മുതലായി അനനുകരണാത്മകങ്ങളായ കലകളുമുണ്ടല്ലോ. നിർമ്മാണകലകൾ (Creative Arts) അനുകരണകലകളാണെന്നു പറയാവുന്നതല്ല. എന്തെന്നാൽ, അനുകാര്യമായ ഒരു വസ്തുവുണ്ടെങ്കിൽമാത്രമേ അനുകരണരൂപമായ കൃതകവസ്തുവും ഉണ്ടായിരിക്കുകയുള്ളുവല്ലോ. മനുഷ്യൻ സൃഷ്ടിക്കുന്ന വസ്ത്രങ്ങൾ, ആയുധങ്ങൾ, കപ്പലുകൾ മുതലായവയ്ക്കു മാതൃകാഭൂതങ്ങളായ വസ്തുക്കൾ പ്രകൃതിയിലില്ല. പിന്നെയെങ്ങനെയാണു വസ്തുനിർമ്മാണം, കപ്പൽപണി മുതലായവ അനുകരണാത്മക കലകളാകുന്നത്? ലളിതകലകളിൽ ആലയവും സംഗീതവും ഒരുതരത്തിലും പ്രകൃത്യനുകരണമല്ല. രമണീയവും പ്രതിഭാവ്യവസ്ഥാപിതവുമായ ഒരു രീതിയിൽ പ്രകൃതിയിലെ വസ്തുക്കളെ അടുക്കിയൊതുക്കിവയ്ക്കുവാനുള്ള ദൈവികപ്രേരണയുടെ ഫലമാണ് ആലയനിർമ്മാണമെങ്കിൽ, അന്തരാത്മാവിൽനിന്നും ഊറിയൂറിവരുന്ന ആത്മസംഗീതത്തിൻെറ പരിഷ്കൃതവും പരിപുഷ്ടവുമായ ഒരു രൂപാന്തരമാണു സംഗീതകല. കാവ്യകല പ്രകൃത്യനുകരണനിർവ്വർത്തിതമാണോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. പ്രകൃതിയിലില്ലാത്ത ഏതെല്ലാം ആശയങ്ങൾക്ക്, ഏതെല്ലാം ലോകങ്ങൾക്ക്, മാതൃകാഭൂതന്മാരായ ഏതെല്ലാം മനുഷ്യർക്ക് കവിതാസാമ്രാജ്യത്തിൽ സത്തയുണ്ട്. പ്രകൃതിയിലുള്ള വസ്തുക്കളെ അതേപടി വർണ്ണിക്കുന്ന കവിതതന്നെ വാസ്തവത്തിൽ അനുകരണാത്മകമാണോ? കാവ്യം ഉപയോഗിക്കുന്ന ശബ്ദരൂപങ്ങളായ ഉപകരണങ്ങൾ പ്രകൃതിയിലുള്ള പദാർത്ഥങ്ങളുടെ ഛായയെയാണോ കാണിക്കുന്നത്? ശബ്ദത്തിന് അർത്ഥത്തിൻെറ ആകൃതിയുണ്ടോ? "പൂ" എന്ന ശബ്ദത്തിന്, വർണ്ണോജ്ജ്വലമോ ആമോദാകർഷകമോ ആയി വിരിഞ്ഞു മലർന്നു നില്ക്കുന്ന ആ വസ്തുവിൻെറ രൂപമുണ്ടെന്നു പറയുന്നതു ശരിയാണോ? ഇങ്ങനെ ചിന്തിച്ചു നോക്കിയാൽ ചിത്രം, പ്രതിമ മുതലായവപോലും സമഗ്രമായും അനുകരണാത്മകങ്ങളല്ലെന്നു വിചാരിക്കേണ്ടതായിവരും. ഒരു ഭാഗത്തു വെൺമേഘങ്ങളും മറെറാരു ഭാഗത്തു ചെമ്മേഘങ്ങളും ചേർന്നിട്ടുള്ള ആകാശത്തിൻെറ അനന്തതയും അതിൻെറ യഥാർത്ഥച്ഛായയും ഒരു ചെറുചിത്രത്തിൽ ആലേഖനം ചെയ്തു കാണിക്കുവാൻ ഒരു ചിത്രകാരനു സാധിക്കയില്ലല്ലോ. അനുകരണമാണു കലാജീവനെങ്കിൽ യാന്ത്രികച്ഛായാഗ്രഹണം (Photography) അത്യുത്തമകലയായിത്തീരുകയും ചെയ്യും. ഏതായാലും, കലോദ്ഭവം മനുഷ്യൻെറ അനുകരണവാസനയിൽ നിന്നുമാണ് എന്നു

* Aristotle's "Poetics" IV; 2, 3

ള്ള മതം തികച്ചും ശരിയാണെന്നു തീൎത്തു പറവാൻ വഴി കാണുന്നില്ല. *

രസിപ്പിച്ചു് ആകൎഷിക്കുവാനുള്ള വൈഭവമാകുന്നു കലാവാസനയെന്നുള്ളതാണു മറെറാരു സിദ്ധാന്തം. ഡോ. മാർഷൽ (Dr. Marshall) എന്ന ദേഹമത്രെ ഇതിന്റെ ഉപജ്ഞാതാവു്. സഹജാവബോധംകൊണ്ടു മനുഷ്യൻ സ്നേഹിക്കുകയും വിരോധിക്കുകയും ഭയപ്പെടുത്തുകയും ചെയ്യുന്നതുപോലെ തന്നെ, ആലോചിച്ചുറയ്ക്കാതെ, അന്തഃകരണപ്രേരണമൂലം, വ്യക്തിയേയും തദ്വാരാ സമുദായത്തെയും സമാകൎഷിക്കുവാൻ മനുഷ്യൻ ചെയ്യുന്ന യത്നത്തിന്റെ സന്താനമാണുപോലും കല$. ഇതും അതേപടി സമ്മതിക്കുവാൻ നമുക്കു നിവൃത്തിയില്ല. കലകളെല്ലാം മനുഷ്യനെ രസിപ്പിച്ചു സമാകൎഷിക്കുന്നവയാണെന്നു പറയുന്നതു ശരിയായിരിക്കയില്ലല്ലോ. ചില കാട്ടുജാതിക്കാർ വിപക്ഷന്മാരെ ഭയപ്പെടുത്തുവാൻ ശരീരം അലംകരിക്കാറുണ്ടെന്നു ഹേൺ (Hirn) എന്ന ചരിത്രകാരൻ അഭിപ്രായപ്പെടുന്നു? § ഭാരതഖണ്ഡത്തിലെ പൂൎവ്വനിവാസികളായ ദ്രാവിഡർ ശത്രുക്കളെ ഭയപ്പെടുത്തുവാൻ കൃത്രിമമുഖങ്ങൾവച്ചു കെട്ടാറുണ്ടായിരുന്നതായി രാമായണം, ഭാരതം മുതലായ ഇതിഹാസങ്ങളിൽ നിന്നും വ്യക്തമാകുന്നതുമുണ്ടു്. ഈ മനുഷ്യപ്രവൃത്തികൾ നിശ്ചയമായും കലാപരിധിയിൽ പെടുന്നു. പിന്നെങ്ങനെയാണു കലാവാസനയെന്നതു് രസിപ്പിച്ചാകൎഷിക്കുവാനുള്ള വൈഭവമാണെന്നു സമൎത്ഥിക്കുന്നതു്?

രഷ്യൻ സാഹിത്യകാരന്മാരിൽ അദ്വിതീയനായ ടാൾസ്ററായിയുടെ അഭിപ്രായമാണു് ഇനിയും നമുക്കു് പരിഗണിക്കേണ്ടതു്. കലയുടെ പ്രധാനതത്വം വികാരപ്രേഷണം (Transmission of feelings) അഥവാ വികാരവിനിമയമാണത്രെ. അതായതു്, വികാരത്തിന്റെ ഭാഷയാണു് കല. ഇവിടെ 'ഭാഷ' (Language) എന്ന പദത്തിനു് ഒരു പ്രത്യേകാൎത്ഥമാണു് ടാൾസ്ററായി നല്കുന്നതു്. മനുഷ്യന്റെ വികാരങ്ങളോ വിചാരങ്ങളോ അന്യനെ ധരിപ്പിക്കത്തക്കവണ്ണം പ്രകടീകൃതങ്ങളാകുന്ന സങ്കേതമാണു് ഭാഷ. തദനുസരണം കേവലം വികാരാവിഷ്കരണം (Expression of feelings) കലയല്ല; വികാരവിനിമയമാണു് കല ‡ ഭാഷയെന്നതു കേവലം ആശയാവിഷ്കരണമോ ആശയവിനിമയമോ എന്തെങ്കിലുമായിക്കൊള്ളട്ടെ. അഥവാ വികാരങ്ങളെയും വിചാരങ്ങളെയും അന്യനെ ധരിപ്പിക്കണമെന്നുള്ള പ്രാകൃതമനുഷ്യമനസ്സിന്റെ ആഗ്രഹത്തിൽ നിന്നുമല്ല ഭാഷയുടെ ഉദ്ഭവം, വികാരങ്ങളെയും വിചാരങ്ങളേയും എങ്ങനെയെങ്കിലും പ്രകടിപ്പിക്കണമെന്നുള്ള അന്തഃപ്രചോദനത്തിൽ നിന്നാണു് ഉത്പന്നമായതു് എന്നു് ജസ്പേഴ്സൻ എന്ന ശാബ്ദികപ്രവരൻ അഭിപ്രായപ്പെടുന്നു. ഏതായാലും ശരീരസുഖമരുളുന്ന പ്രായോഗിക കല

* മഹാചിന്തകനായ അരിസ്റ്റോട്ടിലിന്റെ 'അനുകരണം' നാം ഊഹിക്കുന്ന തരത്തിൽ കേവലം ബാഹ്യാനുകരണമല്ലെന്നു സ്പഷ്ടമാണു് Ed,

$ "Aesthetic Principles." pp 67/68.

§ "Origin"—Hirn.

‡ "What is Art?—Tolstoi.

കളിൽ പ്രവൎത്തിക്കുമ്പോഴോ ഹൃദയാനന്ദം നല്കുന്ന ലളിതകലകളിൽ പ്രവൎത്തിക്കുമ്പോഴോ തന്റെ പ്രവൃത്തി അന്യനെ ധരിപ്പിക്കണം എന്ന ഉദ്ദേശ്യം ഒരു യഥാൎത്ഥ കലാകാരനുണ്ടെന്ന് പറയാമോ? പ്രാകൃതമനുഷ്യൻ ആയുധനിൎമ്മാണത്തിലേൎപ്പെട്ടതു്, ആയുധം തനിക്കുണ്ടെന്ന് അന്യരെ ധരിപ്പിക്കാമെന്ന് കരുതിയോ, നേരമറിച്ച് ആയുധത്തിന്റെ ഉടമവഹിക്കുന്നതിനാൽ ചില ആവശ്യങ്ങൾ നിൎവ്വഹിക്കാമെന്ന് വിചാരിച്ചോ? പ്രകൃതിയിലെ സുന്ദരാംശങ്ങൾ കണ്ടു് ആനന്ദതരംഗിതഹൃദന്തനായിത്തീൎന്ന പ്രാകൃതമനുഷ്യൻ ഒരു ചെറുഗാനമാലപിക്കുവാൻ തുടങ്ങിയതു് തന്റെ കലാപാടവം സഹജീവിയെ ധരിപ്പിക്കണം എന്നുദ്ദേശിച്ചോ, അന്തരാത്മാവിൽ നിന്നു പ്രസരിച്ച ആ സംഗീതത്തിന്റെ തിരത്തല്ലൽ അടക്കിവച്ചുകളവാൻ കഴിയാഞ്ഞതുകൊണ്ടോ? ഇങ്ങനെ ചിന്തിച്ചുനോക്കിയാൽ, ടാൾസ്റ്റോയിക്കും സ്വല്പം വഴി തെററിപ്പോയി എന്നു സമ്മതിക്കാതെ തരമില്ല.

ഇങ്ങനെ പല കലാനിരൂപകന്മാരുടെയും കലാലക്ഷണനിൎദ്ദേശം ശരിയല്ലെന്നു കണ്ടുകഴിഞ്ഞു. ഷോപ്പൻഹർ, ഷില്ലർ, ഡാർവിൻ തുടങ്ങിയവരുടെ കലാനിൎവ്വചനങ്ങളും സമഗ്രമായും സ്വീകാൎയ്യമല്ലെന്നും സ്ഥാപിക്കാം. പക്ഷേ അതുകൊണ്ടൊന്നും വലിയ പ്രയോജനമുണ്ടാകുന്നതല്ല. കലയെ യഥാസ്ഥിതമായ രൂപത്തിൽ പരിഗണിച്ചു നിൎവ്വചിക്കാതെ, ആഗമദൃഷ്ടിയോടെ പരിശോധിച്ചാൽ മാത്രമേ കലയെന്തെന്നു സുവ്യക്തമായും സൂക്ഷ്മമായും പ്രസ്താവിക്കുവാൻ സാധിക്കുകയുള്ളൂ. അതായതു്, കലാചരിത്രം മാത്രമാണു കലയുടെ ശരിയായ ലക്ഷണനിൎദ്ദേശം.

കലകളെ സൗകൎയ്യാനുസരണം ഉപയോഗകലകളെന്നും സുന്ദരകലകളെന്നും രണ്ടു മഹാവിഭാഗമായി തിരിക്കാമെന്നു മുൻപുതന്നെ പ്രസ്താവിച്ചല്ലോ. സുന്ദരകലകളെ പിന്നെയും അനുകരണാത്മകമെന്നും നിൎമ്മാണാത്മകമെന്നും രണ്ടായി തരം തിരിക്കാം. പ്രതിമ, ചിത്രം എന്നിവ അനുകരണാത്മകകലകളും ആലയം, സംഗീതം എന്നിവ നിൎമ്മാണാത്മകകലകളും കവിത രണ്ടു വിഭാഗങ്ങളിലുമുൾപ്പെടുന്ന കലയുമാണു്. ഇവയിൽ പ്രയോജനകലകളും അതു കഴിഞ്ഞാൽ അനുകരണാത്മകങ്ങളായ സുന്ദരകലകളുമായിരിക്കണം ആദ്യമായി ആവിൎഭവിച്ചതു്. മനുഷ്യനു ശാരീരികാവശ്യങ്ങളും മാനസികാവശ്യങ്ങളുമുണ്ടു്. ഇവയിൽ ശാരീരികാവശ്യനിൎവ്വഹണത്തിനായിരിക്കും പ്രാഥമിക മനുഷ്യൻ ആദ്യം പരിശ്രമിച്ചതു്. മനുഷ്യന്റെ ശാരീരികാവശ്യങ്ങൾ ഇതര ജന്തുസാധാരണങ്ങളും, മാനസികാവശ്യങ്ങൾ ഇതര ജീവ്യനപേക്ഷിതങ്ങളുമാണു്. മനുഷ്യന്റെ ഉത്ഭവം എങ്ങനെയായിരുന്നാലും, അവൻ ഭൂമുഖത്തു സംജാതനായ നിമിഷം മുതൽ മൃഗസാധാരണമായ ആവശ്യങ്ങൾ അവനുണ്ടായിരുന്നിരിക്കണം. അങ്ങനെ പ്രാഥമികമായ ആവശ്യനിൎവ്വഹണത്തിന് അവൻ വാസനാപ്രേരിതനായി മാത്രം പ്രവൎത്തിക്കാതെ, ബുദ്ധിയുടേയും സഹായം അവലംബിക്കുവാൻ തുടങ്ങിക്കാണും. ആവശ്യങ്ങൾ നിൎവ്വഹിക്കുന്നതിനോടുകൂടിത്തന്നെ അവ എത്രമാത്രം

ഭംഗിയായി നിൎവ്വഹിക്കാമെന്നും അതിൽനിന്നും സ്വല്പം ഹൃദയപ്രീണനംകൂടി സാധിക്കാമോ എന്നും ചിന്തതുടങ്ങി. അങ്ങനെ ഭംഗിയായ വിധത്തിൽ ശാരീരികാവശ്യനിവൃത്തി വരുത്തുവാൻ മനുഷ്യൻ ചെയ്ത യത്നങ്ങളും അവയുടെ സന്താനങ്ങളും പ്രായോഗികകലകളായിത്തീൎന്നു. പ്രകൃതിദത്തമായ വാസനയെ അതിക്രമിച്ചു, പ്രകൃതിവിഭവങ്ങളെ യഥായുക്തി സംയോജിപ്പിച്ചാൽ പുതിയ പുതിയ വസ്തുക്കളെ സൃഷ്ടിക്കാമെന്നും അവ ശാരീരികാവശ്യങ്ങൾ നിറവേറുന്നതിനോടുകൂടി ശരീരത്തിനു സുഖം നല്കുന്നതിനും പൎയ്യാപ്തമാകുമെന്നും മനസ്സിലാക്കി സുഖേച്ഛുവായ മനുഷ്യൻ പ്രവൃത്തി ആരംഭിച്ചപ്പോൾ പ്രായോഗികകലയുടെ ബീജാവാപം സാധിച്ചു എന്നു പറയാം. മനുഷ്യന്റെ ബുദ്ധി തെളിഞ്ഞു വിളങ്ങി കൂടുതൽ കൂടുതൽ ചിന്തിച്ചു തുടങ്ങിയപ്പോൾ അവ പൊട്ടിപ്പടൎന്നു വിലസുകയും ചെയ്തു.

ശാരീരികാവശ്യങ്ങൾ നിറവേററിക്കഴിഞ്ഞതിനു ശേഷം മാത്രമേ, മാനസികാവശ്യങ്ങൾ നിറവേറുവാൻ പ്രാകൃത മനുഷ്യൻ ഉത്സാഹിച്ചു കാണുകയുള്ളൂ. മാനസികാവശ്യങ്ങൾ എല്ലാംകൂടി "സൗന്ദൎയ്യതൃഷ്ണ" എന്ന ഒററപ്പദത്തിൽ അടക്കി ഒതുക്കിവയ്ക്കാമെന്നു തോന്നുന്നു. ഈ സൗന്ദൎയ്യതൃഷ്ണ * അന്യജീവികൾക്കില്ലാത്ത ഒരു് അന്തർദാഹം—എങ്ങനെ മനുഷ്യനു് ഉണ്ടായി എന്നു പരിച്ഛേദിക്കുക വിഷമമാണു്. ഏതായാലും, മനുഷ്യന്റെ ജനനം മുതൽ ഈ സൗന്ദൎയ്യതൃഷ്ണ അവന്റെ മനസ്സിനെ അസ്വസ്ഥമാക്കിയിരുന്നു എന്നുള്ളതു് നിസ്തൎക്കമാണു്. സൗന്ദൎയ്യതൃഷ്ണയുടെ തിളപ്പിൽ മനസ്സിനു്, അഥവാ ഹൃദയത്തിനു്, അസ്വാസ്ഥ്യം വൎദ്ധിച്ചുവന്നപ്പോൾ അതു ഭൂമിമുതൽ സ്വൎഗ്ഗംവരെയും സ്വൎഗ്ഗം മുതൽ ഭൂമിവരെയും വിശ്രമസ്ഥാനം തേടിത്തിരയുകയായി. ഒടുവിൽ, പ്രപഞ്ചത്തിലെ സുന്ദരവസ്തുക്കളുടെ ആകൎഷണം കൊണ്ടു്, മനുഷ്യഹൃദയം അവയിൽ ചെന്നു ചേൎന്നു സൗന്ദൎയ്യതൃഷ്ണാശാന്തി പ്രാപിച്ചു. ബാഹ്യലോകത്തോടു മനസ്സിനുള്ള ബന്ധം ഇന്ദ്രിയങ്ങൾ വഴിക്കാകയാൽ, പഞ്ചേന്ദ്രിയങ്ങളുടെ പ്രവൎത്തനമാണു മനുഷ്യന്റെ ഈ സൗന്ദൎയ്യതൃഷ്ണയെ ശമിപ്പിച്ചതു്. പ്രകൃതിയിലെ സുന്ദരസംഭവങ്ങൾ അവന്റെ മനം കുളൎപ്പിക്കുന്നതിനു് പൎയ്യാപ്തങ്ങളായിരുന്നുവെങ്കിലും, അവ അര നിമിഷം മാറിമറിഞ്ഞു പോകുന്നവയായിരുന്നതിനാൽ, മനുഷ്യമനസ്സിനു പ്രകൃതിയുടെ അംശങ്ങളിലും സംഭവങ്ങളിലും അലംഭാവം വരാതെയായി. തന്നിമിത്തം, സൗന്ദൎയ്യതൃഷ്ണാശാന്തിക്കുവേണ്ടി പിന്നെയും അവൻ അവന്റെ മനസ്സിനെ സമാകൎഷിച്ചിട്ടുള്ള സംഗതികളെ അനുകരിച്ചു് അവയെ മാതൃകകളാക്കി അവനു വശമുള്ള ഉപകരണങ്ങളാൽ പുതിയ സംഗതികളെ സൃഷ്ടിക്കുവാൻ തുടങ്ങി. ഇവിടെയാണു സുന്ദരകലകളുടെ ആവിർഭാവം. ഇതു കൊണ്ടുതന്നെയാണു സുന്ദരകലകളിൽ അനുകരണകലകളാണു് ആദ്യമുണ്ടായതെന്നു് ഒരിക്കൽ പ്രസ്താവിച്ചതും. ഇവയെ, അനുകരണകലകളെന്നു് അഭിസംബോധനം ചെയ്തതു്, അത്തരം കലകൾ പ്രായേണ അവലംബിക്കുന്ന മുഖ്യമാൎഗ്ഗം അനുകരണമായതുകൊണ്ടാണു്. ഇത്തരം

* അന്യജീവികൾക്കു് ഇല്ല എന്നു തീൎപ്പുകല്പിക്കാവുന്നതല്ല. Ed.

കലകളിൽ അനുകരണമേയുള്ളൂ എന്ന് ഇവിടെ വിവക്ഷയില്ല.

അനന്തമായ മനുഷ്യഹൃദയം കേവലം അനുകരണം കൊണ്ട് മാത്രം തൃപ്തിയടഞ്ഞില്ല. മനുഷ്യന്റെ ഇന്ദ്രിയങ്ങൾക്കു വിഷയമായ വസ്തുക്കളെ അനുകരിക്കുന്ന വാസനയോടുകൂടി മററു മാനസികശക്തികളും മിളിതങ്ങളായി തീർന്നപ്പോൾ, അവന്റെ ഹൃദയത്തിൽ പ്രകൃതിയിലില്ലാത്ത ചില രൂപങ്ങൾ ചില രംഗങ്ങൾ സ്വയമേവ ഉദിച്ചുയരുവാൻ തുടങ്ങി പ്രകൃതിനിരീക്ഷണവും പ്രകൃതിപഠനവും ഇക്കാര്യത്തിൽ അവനെ അത്യധികം സഹായിച്ചിരിക്കും. ഈ രംഗങ്ങളും രൂപങ്ങളും സൌന്ദര്യാന്വേഷിയായ മനുഷ്യമനസ്സിലുണ്ടായവയാകയാൽ സുന്ദരങ്ങളായിരുന്നു എന്ന് വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ഇവയെ ഏതെങ്കിലും വിധത്തിൽ പ്രകടിപ്പിച്ച് ആ പ്രകടീകൃത വസ്തുക്കളെക്കുറിച്ചുള്ള പുനശ്ചിന്ത കൊണ്ട് ഹൃദയത്തിന് ആനന്ദം ചേർക്കുവാൻ അന്തഃ പ്രചോദന ഫലമായി പ്രതിഭാസമ്പന്നനായ മനുഷ്യൻ പരിശ്രമിച്ചതിന്റെ സന്താനമാണ് നിർമ്മാണാത്മകങ്ങളായ കോമളകലകൾ. ഈ തത്വംതന്നെയാണ് "Endeictic art is the consciously objective self—expression" *എന്നുള്ള പാശ്ചാത്യ മതത്തിനടിസ്ഥാനം. സൌന്ദര്യ തൃഷ്ണയിൽനിന്നുമാണ് കോമളകലകൾ ഉദ്ഭവിക്കുന്നതെന്നുള്ള ഈ അഭിപ്രായം അത്ര ശരിയല്ലെന്ന് ചിലക്ക് തോന്നിയേക്കാം. അതുകൊണ്ട് ഈ തത്വത്തെ സ്വല്പം കൂടി വികസിപ്പിക്കുവാൻ ശ്രമിക്കാം. ഇവിടെ 'സൌന്ദര്യം' എന്ന പദംകൊണ്ട് മനസ്സിനെ രമിപ്പിക്കുന്ന ധർമ്മത്തെയാണ് വിവക്ഷിച്ചിട്ടുള്ളത്. മനുഷ്യന്റെ ഇന്ദ്രിയങ്ങൾ മുഖാന്തരം ഹൃദയ പ്രീണനം സാധിക്കുന്ന വസ്തുക്കളെല്ലാം സുന്ദരങ്ങൾ തന്നെ. സുന്ദരമല്ലാത്ത ഒരംശവും പ്രകൃതിയിലില്ലെന്നുള്ള വേദാന്ത മതമിരിക്കട്ടെ. മനുഷ്യത്വത്തിൽ നിന്നും ദിവ്യത്വത്തിലേക്ക് പുരോഗമനം ചെയ്യുന്ന മനുഷ്യന് അനേകയുഗങ്ങൾക്കുശേഷം വൈകല്യമുള്ള ഒരു വസ്തുവും പ്രകൃതിയിൽ കാണുവാൻ സാധിച്ചില്ലെന്ന് വന്നേക്കാം എങ്കിലും സാധാരണ മനുഷ്യലോകത്തിന് അസുന്ദരങ്ങളായിത്തോന്നുന്ന പല അംശങ്ങളും പ്രകൃതിയിലുണ്ടെന്ന് സമ്മതിച്ചേ തീരൂ. ഈ അസുന്ദരാംശങ്ങളുടെയും ചിത്രീകരണം കോമളകലയിൽ കാണുന്ന സ്ഥിതിക്ക് സൌന്ദര്യതൃഷ്ണയെ ശമിപ്പിക്കുന്നതാണ് സുന്ദരകലയെന്ന് എങ്ങനെ പറയുവാൻ സാധിക്കും? അതിനും ഉത്തരം പറയാം. ‡ ആദിമനുഷ്യന്റെ സുന്ദരകലകളിൽ പ്രകൃതിയുടെ സുന്ദരാംശങ്ങളെ മാത്രമേ ആവിഷ്ക്കരിച്ചിരുന്നുള്ളൂ എന്ന് വിചാരിക്കേണ്ടിയിരിക്കുന്നു. മനുഷ്യൻ കൂടുതൽ ചിന്തിക്കുവാനും ഉത്പതിഷ്ണുത്വം പ്രകാശിപ്പിക്കുവാനും തുടങ്ങിയപ്പോൾ ഇമ്മാതിരി അന്ദസുരാംശങ്ങളും പ്രകടിപ്പിക്കുന്നതിൽ എന്തു ദൂഷ്യംഎന്ന് സ്വയംതന്നെയോ

* "Philosophy of Art" Ch VIII—Ducasse

‡ അങ്ങനെ വിചാരിക്കേണ്ട ആവശ്യമില്ല. കാരണവുമില്ല Ed.

അല്ലാതെയോ ചോദിക്കുവാൻ മതിന്നുകാണണം. അതാണ് സുന്ദരകലയിലെ അസുന്ദരവസ്തു ചിത്രീകരണത്തിൻെറ കാരണം. എന്നാൽ ഇവിടെയും ഒരു കാൎയ്യം വിസ്മരിക്കുവാൻ പാടില്ല. അ സുന്ദരവസ്തുവിനെയും സുന്ദരമായി, അതിൻെറ രൂപത്തിൻെറ പ്രതിച്ഛായ കലാസ്വാദകൻെറ മനസ്സിൽ പതിയത്തക്കവണ്ണം ഭംഗിയായി, ചിത്രീകരിച്ചാൽ മാത്രമേ അതു സുന്ദരകലയായിത്തീരുകയുള്ളു. അസ്ഥിപഞ്ജരശേഷനായിത്തീൎന്ന ഒരു വൃദ്ധഭിക്ഷു വഴിയിൽ മരിച്ചുകിടക്കുന്നതു് ഒരു ചിത്രകാരൻ ആലേഖനംചെയ്യുന്നു എന്നു വിചാരിക്കുക. ആ ചിത്രം അതിൻെറ ഉദ്ദേശം സാധിച്ചുവെങ്കിൽ, അതായതു് വഴിയരികിൽ ചത്തുകിടക്കുന്ന ആ "പഞ്ഞപ്പാവത്തിൻെറ" യഥാൎത്ഥരൂപം ദ്രഷ്ടാവിൻെറ മനസ്സിൽ പതിക്കുവാൻ ആ ചിത്രത്തിനു സാധിക്കുമെങ്കിൽ, അതു സുന്ദരമായി എന്നു പറയാം. ചുരുക്കത്തിൽ, സുന്ദരകല സൌന്ദൎയ്യസൃഷ്ടിയല്ല; സുന്ദരസൃഷ്ടിയാണ്.

ഒന്നുകൊണ്ടും മതിവരാത്ത മനുഷ്യൻെറ മനഃസ്ഥിതിയിൽ നിന്നുമാണു കലകൾ ഉദ്ഭവിക്കുന്നതു് എന്ന് ഇത്രയും കൊണ്ടു വെളിവായല്ലോ. പ്രയോജനകലകളിൽ മനുഷ്യബുദ്ധിക്കാണധികം വ്യാപാരം; ലളിതകലകളിൽ മനുഷ്യഹൃദയത്തിനും. ഇപ്പറഞ്ഞ കലകളുടെയെല്ലാം പ്രയോജനമെന്തു്? കലകളുടെ ഉത്പത്തി എങ്ങനെയാണെന്നു മനസ്സിലായ നിലയ്ക്കു്, ഈ പ്രശ്നത്തിന് ഉത്തരം കണ്ടുപിടിക്കുക വളരെ സുകരമാണ്. പ്രാണധാരണസൌകൎയ്യം ഉണ്ടാക്കിത്തരത്തക്കവണ്ണം വ്യക്തമായ ഉപയോഗത്തോടുകൂടിയതാണ് ഉപയോഗകലകളെന്നും, അമ്മാതിരിയാതൊരുപയോഗവും സുന്ദരകലകൾക്കില്ലെന്നുമുള്ള അഭിപ്രായത്തെ അടിസ്ഥാനപ്പെടുത്തിയാണു കലകൾക്കു ഈ രണ്ടു മഹാവിഭാഗം കല്പിച്ചിരിക്കുന്നതു്. ഇതു സൎവ്വഥാ നിർദോഷമായ ഒരു അഭിപ്രായമാണെന്നു പറയുവാൻ പാടില്ല. സുന്ദരകലകൾ പ്രയോജനരഹിതങ്ങളെന്നു് എങ്ങനെ പറവാൻ സാധിക്കും? അവ പ്രയോജന രഹിതങ്ങളാണെന്നു വന്നാൽ അവയിൽ മനുഷ്യമനസ്സു പ്രവൎത്തിക്കുമോ എന്നുകൂടി സംശയമാണ്. പ്രാണധാരണത്തിനുപകരിക്കുന്ന ഉപയോഗകലകളെപ്പോലെയുള്ള പ്രയോജനം സുന്ദരകലകൾക്കില്ലെന്നേ വിവക്ഷയുള്ളു എന്നു പറയുന്നതും ശരിയല്ല. എന്തെന്നാൽ, യന്ത്രങ്ങളും കപ്പൽ മുതലായവയും പ്രാണസന്ധാരണത്തിനു് അത്യാവശ്യകങ്ങളാണെന്നോ, അവയില്ലെങ്കിൽ പ്രാണധാരണം ദുഷ്കരമായിത്തീരുമെന്നോ പറയുവാൻ പാടില്ലല്ലോ. സുന്ദരകലകൾക്കും ഉദ്ദേശമുണ്ടു്; അവ പ്രയോജനകരങ്ങളുമാണ്; അവയുടെ പ്രയോജനം ഉപയോഗകലകളുടേതിൽനിന്നു വളരെ ഭിന്നവുമല്ല.

കലകളുടെയെല്ലാം പ്രയോജനം കലാകാരനും സഹൃദയനും ലഭിക്കുന്ന ആഹ്ലാദപ്രദാനത്തിൻെറ ന്യൂനാതിരേകഭേദമനുസരിച്ചു് ഉപയോഗ കലകൾക്കും വിനോദ കലകൾക്കും വ്യത്യാസമുണ്ടെന്നു മാത്രം. ശരീരസുഖത്തിനുപകരിക്കുന്ന വിദ്യയാണു പ്രയോജനകല; ആത്മാവിനെ ആഹ്ലാദിപ്പിക്കുന്നതു സുന്ദരകലയും പ്രായോഗികകലകൾ അവസാന വിരസവും ബാഹ്യ

ന്ദ്രിയങ്ങൾക്കു മാത്രം വിഷയവുമായ ഒരു സുഖം നല്കുമ്പോൾ, സുന്ദരകല അവ്യാഖ്യേയവും അപരിമേയവും അന്തരിന്ദ്രിയവിഷയവുമായ ഒരു് ആനന്ദം നല്കുന്നു. ഈ തത്വം മനസ്സിലാക്കിയാണു സുന്ദരകലാജന്യമായ ആഹ്ലാദം ഈശ്വരസാക്ഷാത്കാരോത്പന്നമായ പരമാനന്ദത്തിന്റെ സഹോദരസ്ഥാനം വഹിക്കുന്നുവെന്നു ഭാരതീയാചാര്യന്മാർ ആഭിപ്രായപ്പെടുന്നതു്. പ്രായോഗിക കലകളുടെ ഉദ്ദേശം ജീവിതം കൂടുതൽ ജീവിതവ്യവും സുകരവുമാക്കിത്തീർക്കയാണല്ലോ. തന്നിമിത്തം, അവയുടെ പ്രയോജനം ശരീരത്തിന്നു് ആഹ്ലാദം നല്കുകയാണെന്നാണു വന്നുകൂടുന്നതു്. പ്രായോഗിക കലകളുടെ ഉത്ഭവത്തെക്കുറിച്ചുള്ള പരിഗണനയും ഇതിനെ സാധൂകരിക്കുകയാണു ചെയ്തിട്ടുള്ളതു്.

മനുഷ്യന്റെ സൗന്ദര്യതൃഷ്ണയുടെ ശമനം വരുത്തുന്നവയാണു സുന്ദരകലകൾ എന്നു പ്രസ്താവിച്ചുവല്ലോ. ആനന്ദമാണു സൗന്ദര്യത്തിൽ നിന്നും സമുദ്ഗളിക്കുന്നതെന്നുള്ളതിന്നു് അനുഭവം പ്രമാണമാണു്. സൗന്ദര്യതൃഷ്ണയുടെ ശമനം വരുമ്പോൾ ഏതോ ഒരു നിർവൃതിവിശേഷം നമ്മെ തലോടിഹൃദയംകുളുർപ്പിക്കും. ഇതു ശരിയാണെങ്കിൽ, "കലകളുടെ പ്രയോജനം രസമോ ആഹ്ലാദമോ അല്ല" എന്നു് അഭിപ്രായപ്പെടുന്ന ടാൾസ്റ്റോയിയും അദ്ദേഹത്തിന്റെ അനുയായികളും പരിതാപകരമായ തരത്തിൽ വഴിപിഴച്ചുപോയി എന്നു നിസ്സംശയം അഭിപ്രായപ്പെടാം. സൗന്ദര്യദാഹശമനത്തിനുവേണ്ടി കലാകാരൻ സൃഷ്ടിക്കുന്ന സുന്ദരകലകളുടെ ആസ്വാദം കൊണ്ടു കലാകാരന്റെ വികാരങ്ങളുമായി താദാത്മ്യം പ്രാപിച്ച സഹൃദയന്റെ വികാരങ്ങൾ അവന്നു് ആനന്ദദായകങ്ങളായിത്തീരുന്നതു യുക്തം തന്നെ. സുന്ദരകലാകാരന്മാർ സൗന്ദര്യാരാധകന്മാരാണു്; അന്തശ്ചോദനമാണു് അതിന്നു് അവരെ ശക്തരാക്കുന്നതു്; ആനന്ദമാണു് അവരുടെ പരമലക്ഷ്യം; ആ പരമലക്ഷ്യത്തിൽ അവരെ കൊണ്ടുചെല്ലുന്നവയാണു സുന്ദരകലകൾ!!!

ത്യാഗി

സാഹിത്യ ശിരോമണി പി. കെ. ഗോവിന്ദപ്പിള്ള ശാസ്ത്രി
(University Mss. Library)

സ്വർഗ്ഗത്തിൽ നിന്നാഗതനായ ദിവ്യ-
വൈമാനികൻ "മുദ്ഗല"നോടു ചൊന്നാൻ:—
"ത്വദ്ദാനശക്ത്യാ മുനികുഞ്ജരേന്ദ്ര!
തുറന്നു വിണ്ണിന്റെ മഹാകവാടം. ൧

"തന്നുള്ളിലായ് നിൻ ശുഭകീർത്തിഹംസി
നീന്തിക്കളിക്കുന്നതിനാൽ നിതാന്തം
അങ്ങപ്സരസ്സിൻ നികരം ധരിപ്പൂ
പൂമേനിയെങ്ങും പുളകോർമ്മിജാലം. ൨

"സുരേശ്വരാനുഗ്രഹമെന്ന പോലെ
കണ്ടാലുമിമ്മോഹനമാം വിമാനം;
ഇതിങ്കലേറീട്ടു പറന്നു പോകാം
കണ്ണീരിനെത്താൻ കഴിയാത്ത ദിക്കിൽ. ൩

"ഇതേറിടാം; ത്വത്സുകൃതം ചമച്ചോ-
രാനന്ദഹർമ്മ്യങ്ങളിലാവസിക്കാം;
കാത്തങ്ങിരിയ്ക്കുന്നു വരാനുരാഗ-
കടാക്ഷമാലോജ്ജ്വലനാകലക്ഷ്മി. ൪

വൈമാനികൻ തന്നുടെ വാക്കു കേൾക്കെ
ബാലോചിതം കൗതുകമാർന്നു വിപ്രൻ
ചോദിച്ചു—"മാഹാത്മ്യവിശേഷമെന്താ-
ണാദിക്കിനെൻ ദൂത! മനുഷ്യകാമ്യം?" ൫

പെട്ടെന്നു കേട്ടീവിധ,മൊന്നു ഞെട്ടി
യാശ്ചര്യ്യഫുല്ലാക്ഷനവൻ നിലച്ചു
അജ്ഞാതമാകുന്നൊരു ദിക്കിൽ നിന്നു-
മമ്പേറ്റതാകും ഹരിണം കണക്കേ. ൬

"ഭ്രാന്തെന്തു ചൊല്ലീടുവ" തോതി ദൂതൻ
സ്വർഗ്ഗീയ മാഹാത്മ്യമറിഞ്ഞുകൂടേ

ഭവാനു ഹാ! യൌവനമോഹനാംഗീ-
സംയോഗസൌഖ്യം ശിശുവിന്നു പോലെ? ൭

“യത്നേന മർത്ത്യൻ ഭുവി നട്ടു പോററും
പുണ്യദ്രുമം നിത്യമുയൎന്നു പൊങ്ങി
ഫലിപ്പതാവാനിലണഞ്ഞു മാത്രം;
അങ്ങെത്തണം തൽഫലലിപ്സുവാരും. ൮

“അങ്ങാവസിക്കും കൃതികൾക്കു വേണ്ട-
തേകാ ‘നഹംപൂൎവ്വികയാ’ നിതാന്തം
അന്യോന്യമാത്സൎയ്യമിയന്നിട്ടുന്നു
കല്പദ്രു ചിന്താമണി കാമധേനു! ൯

“കാണുന്നു ഗന്ധം കനകത്തിനിങ്ങു
കാവ്യോപമാലങ്കൃതിയിങ്കൽ മാത്രം;
വിൺഗംഗയിൽ ഹാ! വികസിപ്പൂ നീളെ
മണം പെറും കാഞ്ചനപങ്കജങ്ങൾ! ൧൦

“ഉഗ്രാമയത്തിൻ ശിതകണ്ടകങ്ങൾ
നിറഞ്ഞൊരീബ് ഭൂമിയിൽ നിന്നു മേലിൽ
നറും സുഖത്തിൻ മൃദുപൂക്കൾ തിങ്ങും
നാകത്തിലേറാൻ മടിയോ മഹൎഷേ! ൧൧

തപ്താശ്രുവാൽ നിൎമ്മിതമിന്നു ലോകം;
ചമച്ചു ഹാ! പുഞ്ചിരികൊണ്ടു നാകം;
അങ്ങില്ല താപം ലവലേശമാക്കും;
പൂമാലപോലും ദ്വിജ! വാടുകില്ല. ൧൨

“ആർ തൻ കടാക്ഷോല്പലമൊന്നു നേടാൻ
പാനാശനം വിട്ടു നരേന്ദ്രർ പോലും
വൃഥാബ്ദി താണ്ടുന്നു, ഭവാൻെറ സേവ-
യ്ക്കാ ദേവമുഗ്ദ്ധാംഗികൾ കാത്തിരിപ്പൂ. ൧൩

“താരങ്ങൾ, മിന്നൽക്കൊടി, പൂൎണ്ണചന്ദ്രൻ,
ദിനേശ നിദ്ദീപ്തിഗണങ്ങളെല്ലാം
തപോനിധേ! മോഹനനാകരാജ്യ-
തേജോവിലാസസ്ഫുരണങ്ങൾ മാത്രം! ൧൪

“സൗന്ദൎയ്യരത്നാവലി കൊണ്ടു തീൎത്തു
പോർവില്ലമിന്ദ്ര, ന്നതു കാൺകിലൂഹ്യം
സ്വൎഗ്ഗീയസന്മംഗളവസ്തുവൃന്ദ-
ലാവണ്യമാഹാത്മ്യവിശേഷമല്പം. ൧൫

“കുടിക്കുവാനങ്ങമൃതം; കുളിയ്ക്കാൻ
വിൺഗംഗ; കേളീഗിരി ഹേമശൈലം;
കറക്കുവാൻ കാമിതധേനു; കല്പ-
വൃക്ഷങ്ങൾതൻ പൂന്തണൽ വിശ്രമിക്കാൻ; ൧൬

“ശ്രീനന്ദനോദ്യാനതലം രസിക്കാൻ;
രമിയ്ക്കുവാനപ്സരസാം സമൂഹം;
ഹാ! നിത്യമാം യൗവന;മെന്തുവേണ-
മാനന്ദലബ്ധിക്കിനി വിപ്രമൗലേ! ൧൭
(യുഗ്മകം)

“കവീശ്വരൻ ഭാവനയിങ്കൽ മാത്രം
കാണുന്നൊരമ്മോഹനമായ ഭൂവിൽ
പുണ്യം ക്ഷയിപ്പോളവുമാവസിക്കാം
പൂൎണ്ണം പരാനന്ദരസം ഭുജിക്കാം! ൧൮

“അശോക, മാനന്ദമയം, സുദീപ്തം,
അനന്തരമ്യം, സുകൃതൈകലഭ്യം-!
അങ്ങാനയിപ്പാൻ ക്ഷമയററിതാ കാൺ-
കാൎയ്യൎഷിമൗലേ! വിമലം വിമാനം.” ൧൯

സമന്ദഹാസം സരസം കഥിച്ചു-
സ്സതാംവരൻ മാമുനി- “കേട്ടു സൎവ്വം;
പാരിന്നെഴുന്നോരു പരിഷ്കരിച്ച
പതിപ്പുതാൻ നാക; മറിഞ്ഞതിപ്പോൾ. ൨൦

“തദ്വൎണ്ണനാനന്ദസുവൎണ്ണലോകം
ജഗന്മനോമോഹനമാണു; പക്ഷേ
ഇരമ്പിടുന്നുണ്ടതിനുള്ളിലെങ്ങും
മഹാസമുദ്രം ഹ ഹ! നാരകീയം! ൨൧

“സുപുണ്യമാമെണ്ണ പിഴിഞ്ഞെടുത്തു
പിണ്യാകമിങ്ങോട്ടു തിരിച്ചു തള്ളും

സമ്മോഹനം പ്രേഷകയന്ത്രമല്ലീ?
സഖേ! ഭവദ്വർണ്ണിതദിവ്യലോകം! ൨൨

"ചിദംബരത്തിന്നു പറന്നുപോകു-
മീ മാനുഷാത്മാവിനെ ! ഹാ മയക്കി
അകപ്പെടുത്തും മണിപഞ്ജരം താ-
നല്ലേ ഭവദ്വർണ്ണിതരമ്യലോകം! ൨൩

"സുധാഖ്യയോലും ചൊടിതൻ വിഷത്താൽ
മയക്കി മർത്ത്യൻെറ സുപുണ്യപൂരം
സ്വർവേശ്യമാരങ്ങു ഭുജിപ്പു പൊൻപൂ-
ച്ചെഴുന്ന പങ്കേകനികേതനങ്ങൾ. ൨൪

"ഭോഗക്കയത്തിൽ ബത! മുങ്ങി മുങ്ങി
പ്പൊങ്ങീടുവാനൊക്കില്ല മൊത്തിടാതെ,
ആത്മപ്രകാശസ്മൃതിപോലുമില്ലാ-
താഴുന്നിതങ്ങാന്ന ജനം തമസ്സിൽ. ൨൫

"മഖാദിസൂത്രങ്ങൾ പിടിച്ചു പൊങ്ങി
മഹേന്ദ്രജാലക്കളി കാട്ടിയാലും
നരൻ വരേണം ഭുവി; താഴെ വന്നേ
സമ്മാനമുള്ളെന്നതു സുപ്രസിദ്ധം. ൨൬

"തപോധനത്തോടുയരും മഹാനെ-
ത്തടുത്തു നാകം ഹൃതസർവ്വനാക്കും;
മോക്ഷാർഹനാകാനവനിങ്ങു വന്നു
വീണ്ടും ധനം നേടുകതന്നെ വേണം. ൨൭

"അങ്ങെത്തിടാതുള്ള വിമുക്തിലക്ഷ്മീ-
കടാക്ഷപാതത്തെ ലഭിക്കുവാനായ്
ഇന്ദ്രൻവരെയ്യേതൊരു ദേവനും കാ-
ത്തിരിപ്പു ഭൂമൗ നരനായ് ജനിക്കാൻ! ൨൮

"സത്യംസഖേ! മാമകമാതൃദേവി!
സന്തപ്തബാഷ്പാകുലയെങ്കിലും ഹാ!
അനന്തതേജോമയലോകമേറു-
മങ്ങുസ്മദാനന്ദവിലാസഗേഹം. ൨൯

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

"സ്മിതോജ്ജ്വലം താൻ സുരനാട്ടു ഭോഗ-
തമോവൃതം!— ഹാ! നരകത്തിനേക്കാൾ
ഭയങ്കരം!— നിഷ്കളഭാരതന്മാർ
വിദേശലക്ഷ്മീസ്മിതമുഗ്ദ്ധരല്ല. ൩൦

"ബീഭത്സമാകും, നരകം സുഭോഗ-
സ്മിതപ്രഭാമോഹനമായ നേരം
സ്വർഗ്ഗാഖ്യയേകിച്ചരിതാർത്ഥനായി
രമിക്കയായങ്ങു വിവേകശൂന്യൻ. ൩൧

"വാസം സുരക്കില്ല വിധിക്കുപോലു-
മശാശ്വതംതന്നെ;- മനുഷ്യരേക്കാൾ
നാലഞ്ചു മിന്നിട്ടുകൾ കൂടിവാണാ-
ലതിന്റെ പേർ നിത്യതയെന്നു താനോ? ൩൨

"ഒരുത്തനിങ്ങീശ്വരനെ സ്മരിച്ചാൽ
പോരും മഹേന്ദ്രന്റെ മനം ദഹിക്കാൻ
നൃലോകമധ്യാത്മരതാഢ്യമാകും-
തോറും കരിഞ്ഞീടുകയാണു നാകം ൩൩

"ഭോഗാശയേററീടുവതിന്നു പോരും
കല്പദ്രുകാമപ്പശുവൊക്കെ, യൊന്നും
ഫലിച്ചിടാ മോക്ഷഫലം, ചുരത്തി-
ല്ലധ്യാത്മവിദ്യാമയദുഗ്ദ്ധപൂരം ൩൪

"പദ്മാസ്യമാം മേഹനമപ്സരസ്സിൽ
ക്രീഡിച്ചു മർത്ത്യാളി മയങ്ങിമുങ്ങി
ആധ്യാത്മികാനന്ദസുധാസരസ്സിൻ
മാഹാത്മ്യമേ തീരെ മറന്നിടുന്നു! ൩൫

"എങ്ങെത്തിയാലിങ്ങു തിരിച്ചുപോരേ-
ണ്ടെങ്ങെത്തിയാൽ സംസൃതിയസ്തമിക്കും,
അതെന്റെ ലക്ഷ്യം; മമ കാംക്ഷയില്ല
ശോകം ഫലിക്കും സുഖവൃക്ഷമേറാൻ. ൩൬

"സുഖാസുഖം, പുണ്യമപുണ്യമെന്നീ
ദ്വന്ദ്വങ്ങൾ തൻമേലിൽ വിളങ്ങിടുന്നു

ഗീതികാവ്യം

പി. ശേഷാദ്രിഅയ്യർ ബി. എ. എം. എൽ.

കാവ്യത്തെ നിർവചിക്കാൻ പലരും യത്നിച്ചിട്ടുണ്ട്. എന്നാൽ ആരുടെയെങ്കിലും യത്നം പൂർണ്ണമായി ഫലിച്ചിട്ടുണ്ടോ എന്നു സംശയമാണ്. നിർവചനങ്ങൾ രണ്ടു പേരുടേതു് ഒരേ വിധത്തിലായിരിക്കുന്നതു തന്നെ അപൂർവമാണെന്നു് പരിശോധിച്ചാലറിയാം. കാവ്യത്തിന്റെ യഥാർത്ഥസ്വരൂപത്തേപ്പററി അഭിപ്രായവ്യത്യാസമുണ്ടെങ്കിലും കാവ്യം എന്നൊരു വസ്തുവുണ്ടെന്നു് എല്ലാപേരും സമ്മതിച്ചിട്ടുള്ളതാണ്. കാവ്യത്തിനു കാവ്യത്വം നല്കുന്ന വസ്തു ഇന്നതാണെന്നു പറയാൻ കഴിഞ്ഞാലും ഇല്ലെങ്കിലും കാവ്യരസികന്മാരായ സഹൃദയന്മാർ അതു് അനുഭവിച്ചറിയുന്നുണ്ടു്.

കാവ്യത്തിന്റെ ലക്ഷണം എന്തെങ്കിലും ആകട്ടെ. നമ്മുടെ ദൃഷ്ടിയിൽ കാവ്യം എന്ന പേരിനാൽ അറിയപ്പെടാത്ത പല ഗ്രന്ഥങ്ങളും യഥാർത്ഥത്തിൽ കാവ്യങ്ങളായിട്ടുണ്ടു്. മഹാഭാരതവും രാമായണവും ഇതിഹാസങ്ങൾ എന്ന ശാഖയിൽ പാശ്ചാത്യന്മാർ ഗണിക്കുന്നെങ്കിലും അവ കാവ്യങ്ങൾ തന്നെ. ശ്രീമദ്ഭാഗവതം പുരാണങ്ങളുടെക്കൂട്ടത്തിൽ ഗണിക്കപ്പെട്ടതാണെങ്കിലും അതിൽ പല അംശങ്ങളും കാവ്യസ്വരൂപമാണ്. സ്കാട്ടിന്റെ നോവലുകൾ വാസ്തവത്തിൽ കാവ്യങ്ങൾ തന്നെയാണ്. അതുപോലെ നാടകങ്ങൾ ഇങ്ങനെ നോക്കുമ്പോൾ പല ശാഖകളിലും ഉത്തമകാവ്യങ്ങൾ ഉണ്ടെന്നു വെളിപ്പെടുന്നു.

ഭാരതീയരും പാശ്ചാത്യരുമായ ആലങ്കാരികന്മാർ കാവ്യത്തേ പല വിധത്തിൽ വിഭജിച്ചിട്ടുണ്ടു്. അവയിൽ മൂന്നെണ്ണം നമുക്കു് തത്കാലം സ്വീകരിക്കാം.

(1) ദൃശ്യകാവ്യം—അതായതു് നാടകാദികൾ.

(2) മഹാകാവ്യം—(ആഖ്യാനകാവ്യം) രഘുവംശംപോലെ വംശാവലിയുടെ ഉപാഖ്യാനവും, രാമായണംപോലെ ഒരു വ്യക്തിയുടെ ചരിത്രമാഹാത്മ്യവും, ശിശുപാലവധംപോലെ ഘടനാവൈശി

അനന്തതേജോമയമായ ദേശം!
ആനന്ദസമ്പൽഖനിയായ ദേശം! ന. ൧

"സ്വർഗ്ഗാദിയും നിഷ്പ്രഭമേതുകണ്ടു-
സ്സാക്ഷാൽ പരബ്രഹ്മപദത്തെ മാത്രം
കാംക്ഷിപ്പു; വൈമാനികവര്യ! പോകാം!
ത്വൽകാരുണിക്കായിത വന്ദനം തേ !!" ന. വ്യ

ഷ്യത്തിൻെറ വിവരണമുള്ളതും ഈ ശാഖയിൽ ഉൾപ്പെടുന്നു. വാസവദത്ത, കാദംബരി മുതലായ ഗദ്യകാവ്യങ്ങളും ഇപ്പോഴത്തെ ചില വിശിഷ്ടാഖ്യായികളും എല്ലാം ഈ വിഭാഗത്തിൽപ്പെട്ടതുതന്നെ.

(3) ഖണ്ഡകാവ്യം. മുമ്പുപറഞ്ഞ രണ്ടു വിഭാഗങ്ങളിലും ചേരാതെയുള്ള കാവ്യങ്ങളാണ് ഖണ്ഡകാവ്യങ്ങൾ.

ഈ മൂന്നു ശാഖകൾക്കും രൂപസാമ്യത്തിൽ വളരെ അന്തരം കാണുന്നുണ്ട്. എന്നാൽ രൂപഗതമായ വ്യത്യാസം യഥാർത്ഥമല്ല. ദൃശ്യകാവ്യങ്ങളെല്ലാം സംഭാഷണരൂപത്തിൽ രചിക്കപ്പെട്ടിട്ടുള്ളവയും രംഗത്തിൽ അഭിനയിക്കാൻ സൗകര്യമുള്ളവയുമാണ്. എന്നാൽ സംഭാഷണരൂപത്തിൽ എഴുതപ്പെട്ടവയും അഭിനയയോഗ്യതയുള്ളവയുമെല്ലാം നാടകങ്ങളല്ല. നാടകവിഭാഗത്തിൽ ഉൾപ്പെടുന്നുമില്ല. ഇടക്കാലത്ത് ജനങ്ങളുടെ ഇടയിൽ ഒരു ഭ്രാന്തിമൂലകമായ സംസ്കാരം കടന്നുകൂടിയിട്ടുണ്ട്. തന്മൂലം സംഭാഷണരൂപത്തിൽ നിർമ്മിക്കപ്പെട്ട അനേകം ഗ്രന്ഥങ്ങൾ നാടകങ്ങൾ എന്ന പേരിൽ പ്രചരിക്കയും അഭിനയിക്കപ്പെടുകയും ചെയ്യുന്നത് ഇന്ന് അപൂർവമല്ല. പാശ്ചാത്യഭാഷകളിൽ ഇന്ന് അനവധി ഉൽകൃഷ്ടകാവ്യങ്ങൾ നാടകം പോലെ സംഭാഷണരൂപത്തിൽ രചിക്കപ്പെട്ടിട്ടുണ്ട് എന്നാൽ യഥാർത്ഥത്തിൽ അവ നാടകങ്ങളല്ലതാനും. അവരുടെ ദൃഷ്ടിയിൽ ഇംഗ്ലീഷ് ഭാഷയിലും ഗ്രീക്ക് ഭാഷയിലും ഒഴിച്ച് മറെറാരു ഭാഷയിലും നാടകങ്ങൾ ഇല്ല. എന്നാൽ ഗേഥേയുടെ അഭിപ്രായം നേരേമറിച്ചാണ്. സംഭാഷണരൂപത്തിലുള്ള ഗ്രഥനമോ അഭിനയോപയോഗിതയോ നാടകത്തിന് അത്യാവശ്യമില്ലെന്നാണ് അദ്ദേഹം പറയുന്നത്. ആഖ്യാനകാവ്യങ്ങളും നാടകമായി രൂപാന്തരപ്പെടുത്താൻ സാധ്യമല്ലായ്കയില്ല. ഗീതികാവ്യങ്ങളായി മാററാനും വിഷമമില്ല. ഗീതികാവ്യം അഥവാ ഖണ്ഡകാവ്യം മലയാളഭാഷയിൽ അത്ര വിരളമല്ല. ഖണ്ഡകാവ്യങ്ങളായി മാത്രം കരുതാവുന്നവ മഹാകാവ്യങ്ങളായി രചിച്ചിട്ടുമുണ്ട്. ഇങ്ങനെ നോക്കുമ്പോൾ സാമാന്യമായ ഉപാഖ്യാനത്തെ കവിതയാക്കി മഹാകാവ്യമെന്ന പേരുകൊടുത്താൽ "Excursion, Childe Harold" മുതലായവ മഹാകാവ്യങ്ങളാകും. എന്നാൽ അവ വാസ്തവത്തിൽ ഖണ്ഡകാവ്യങ്ങൾ മാത്രമാണ്. ഖണ്ഡകാവ്യം എന്നു നാം അറിയുന്നവ ഇംഗ്ലീഷുഭാഷയിലാണ് അധികം പ്രചരിച്ചിട്ടുള്ളത്. അതിന് അവിടെ (lyric) ഗീതികാവ്യം എന്നാണ് പറയുന്നത്. ഇപ്രകാരമുള്ള ഗീതികാവ്യത്തിൻെറ സ്വരൂപമാണ് ഇവിടെ ചർച്ചാവിഷയം.

ഗീതം ഒരു പ്രകാരത്തിൽ മനുഷ്യനിൽ സഹജമായി ഉണ്ടാകുന്നു. മനോഭാവം വാക്കിൽകൂടി വ്യക്തമാക്കാം. കണ്ഠഭംഗി കൂടിചേർന്നാൽ അതിനു മാററുകൂടും. ഹാ എന്ന ശബ്ദം സ്വരഭേദം അനുസരിച്ച് ചിലപ്പോൾ ദുഃഖസൂചകമായും, ചിലപ്പോൾ സന്തോഷസൂചകമായും പരിണമിക്കാം. "നിന്നെക്കാണാതെ ഞാൻ മരിക്കുന്നു" എന്ന് സാധാരണ പറഞ്ഞാൽ ദുഃഖസൂചകമാണ്. എന്നാൽ സ്വരവ്യത്യാസം മൂലം ഇത്തരം വാചകം ദുഃഖത്തെ ശതഗുണീഭവിപ്പിക്കാൻ പര്യാപ്തമാണ്. ഈ സ്വരവൈചിത്ര്യത്തിൻെറ പരിണാ

മമത്രേ സംഗീതം. മനസ്സിന്റെ ഉദ്വേഗങ്ങളെ അത്യുൽകടമായി പ്രകാശിപ്പിക്കാൻ യത്നിക്കുന്ന മനുഷ്യൻ സംഗീതപ്രിയനും തത്സാധനയിൽ സർവ്വദാ യത്നശീലനും ആയിത്തീരുന്നു.

അർത്ഥയുക്തമായ വാക്യംകൂടാതെ, ചിത്തഭാവത്തെ വ്യക്തമാക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടാണ് സംഗീതത്തിന് വാക്യസംയോഗം ആവശ്യമായിരിക്കുന്നതു്. അങ്ങനെ സംയോഗോത്പന്നമായ പദത്തെ ഗീതമെന്നു പറയുന്നു.

ഗീതത്തിനുവേണ്ടി പദങ്ങളേ നിരത്താൻ ശ്രമിക്കുമ്പോൾ ഒരു നിയമത്തിനു അധീനമായി വാക്യങ്ങളെ വിന്യസിച്ചാൽ മാത്രമേ അതു് ഗീതമാവുകയുള്ളൂ. ഈ നിയമത്തെ ആരാഞ്ഞറിവാനുള്ള ശ്രമത്തിന്റെ ഫലമായാണ് ഛന്ദസ്സുകളുടെ ഉദ്ഭവം.

ഗീതത്തിന് സ്വരചാതുര്യവും ശബ്ദചാതുര്യവും ഒരുപോലെ ആവശ്യമാണ്. ഇവ രണ്ടും രണ്ടു പ്രത്യേകശക്തികളേ ആശ്രയിച്ചിരിക്കുന്നു. എന്നാൽ ഈ രണ്ടു ശക്തികളും ഒരാളിൽ ലയിച്ചിരിക്കണമെന്നു നിർബന്ധമില്ല. ഒരാൾതന്നെ കവിയും ഗായകനും ആയിരിക്കുകതന്നെ ദുർല്ലഭമാണ്. ചിലർ ഗാനംഎഴുതുന്നു. മററു ചിലർ അതിനേ ആലാപിക്കുന്നു. ഇങ്ങനെയാണ് ഗീതിയിൽനിന്നും ഗീതികാവ്യം വേർതിരിഞ്ഞതു്. ഗീതികാവ്യം ആദ്യം രചിക്കപ്പെട്ടതു് ഗാനം ചെയ്യുന്നതിനു തന്നെയാണ്. എന്നാൽ ഗീതം കൂടാതെ കേവലം ഛന്ദോമയിയായ രചനകൾ ആനന്ദദായകവും മനോഭാവവ്യഞ്ജകവും ആണെന്നു കണ്ടുതുടങ്ങിയപ്പോൾ ഗീതങ്ങളുടെ ഉദ്ദേശ്യം മാറുകയും അനവധി ഗീതികാവ്യങ്ങൾ രചിക്കപ്പെടുകയുംചെയ്തു. അതുകൊണ്ടു് ഗീതത്തിന് എന്തുദ്ദേശ്യമാണോ ഉണ്ടായിരുന്നതു് ആ ഉദ്ദേശ്യംതന്നെ ഒരു കാവ്യത്തിനുണ്ടെന്നു വരുമ്പോൾ ആ കാവ്യത്തെ ഗീതികാവ്യം എന്നു പറയാം.

എഴുത്തച്ഛന്റെ ഹരിനാമകീർത്തനം, പൂന്താനത്തിന്റെ ഗാനങ്ങൾ, കുഞ്ചൻനമ്പ്യാരുടെ തുള്ളലുകൾ, ഉള്ളൂർ, വള്ളത്തോൾ, ആശാൻ എന്നിവരുടെ അനേകം കവിതകൾ, ഇവ ഗീതികാവ്യത്തിന് ഉദാഹരണമായി എടുക്കാം.

ഹൃദയത്തിൽ ചിലപ്പോൾ ചില വിശേഷഭാവങ്ങളും ഉണ്ടാകാറുണ്ടു്. അതു് സ്നേഹമോ, ശോകമോ, ഭയമോ, ആയിക്കൊള്ളട്ടെ. അവയുടെ സമഗ്രഭാവം സുവ്യക്തമായിരിക്കയില്ല. വ്യക്തമാകുന്നതു് ക്രിയകൊണ്ടല്ല വാക്കുകൊണ്ടാണ്. എന്നാലും ഒരംശം അവ്യക്തമായിത്തന്നെ ഇരിക്കുന്നു. വ്യക്തമാക്കുന്നതിനുള്ള ശ്രമത്തിൽ ഉദ്ഭൂതമാകുന്ന ക്രിയയും വാക്കുമാണ് ഒരു നടന്റെ സാമഗ്രി. അവ്യക്തമായി ശേഷിക്കുന്നതാണ് ഗീതികർത്താവിന്റെ ഉപകരണം. ഏതെല്ലാം അവ്യക്തവും അദൃശ്യവും, അന്യരാൽ അനുമേയവും ഭാവനാ സമ്പന്നവുമായിരിക്കുന്നുവോ അതെല്ലാം അവർ വ്യക്തമാക്കാൻ ശ്രമിക്കുന്നു. മഹാകാവ്യത്തിനുള്ള വിശേഷം എന്തെന്നാൽ അതിൽ കവികൾക്കു രണ്ടുവിധത്തിലുള്ള അധികാരം ഉണ്ടു്. വക്തവ്യവും അവക്തവ്യവും അവക്കു് ആയത്തമാണ്. വക്തവ്യമായിട്ടുള്ളതുമാത്രമേ നാടകകർത്താവിനു സ്വീകാര്യമായുള്ളൂ. എന്നാൽ അവ

ഉണ്ണുനീലിസന്ദേശം,
ഒരു വിമൎശനം.

വിദ്വാൻ ആർ. എസ്സ്. നാവലർ.

കൈരളിക്കു ലഭിച്ചിട്ടുള്ള സന്ദേശകാവ്യങ്ങളിൽ പ്രാഥമ്യം വഹിക്കുന്നതു് ഉണ്ണുനീലീസന്ദേശമാണു് എന്നുള്ളതിനു് രണ്ടുപക്ഷമുണ്ടെന്നു തോന്നുന്നില്ല. കാവ്യാലംകാരങ്ങൾ കൊണ്ടും പദപൌഷ്കല്യം കൊണ്ടും ആശയപ്രൌഢികൊണ്ടും സന്ദൎഭോചിതങ്ങളായ വൎണ്ണനകൾകൊണ്ടും പ്രസ്തുത സന്ദേശകാവ്യം പ്രശോഭിക്കുന്നു. ഈ കാവ്യത്തിലെ പ്രയോഗങ്ങൾ പലതും പഴയ മലയാളത്തിൽ പരിചയിച്ചിട്ടുള്ളവൎക്കല്ലാതെ മററാൎക്കും എളുപ്പം മനസ്സിലാകുന്നവയല്ല. രൂപഭേദമുണ്ടായിട്ടും പരിലസിക്കുന്ന ചില പദങ്ങൾ തമിഴോ പഴമലയാളമോ എന്നുകൂടി വകതിരിച്ചറിയാൻ പാടില്ലാത്ത രീതിയിൽ ഈ കാവ്യത്തിൽ പ്രയോഗിച്ചുകാണുന്നു. അത്തരം പദങ്ങളെയും ചമൽകാരവിശേഷങ്ങളെയും മററും കഴിയുന്നത്ര വിമൎശിക്കുന്നതാണു് ഈ പ്രസംഗത്തിന്റെ ഉദ്ദേശ്യം. ഗ്രന്ഥനിൎമ്മാണകാലം കവിയുടെ നാമധേയം മുതലായവയെക്കുറിച്ചു പലരും വിമൎശിച്ചു് വിരമിച്ചിട്ടുള്ളതുകൊണ്ടു് തദ്വിമൎശനത്തിനു ഇവിടെ തുനിയുന്നില്ല.

മലയാളം പഴമ.

പ്രസ്തുത ഗ്രന്ഥത്തിൽ കാണപ്പെടുന്ന പഴയ മലയാളഭാഷാപ്രയോഗങ്ങൾ തമിഴ്പദങ്ങളെന്നാണു് ചിലരുടെ പക്ഷം. ചില പദങ്ങൾ തമിഴ്പദങ്ങളോടു് ചുവടു പിടിക്കുന്നവയാണെംകിലും, അവ പഴയ മലയാളരൂപങ്ങളാണു് എന്നുള്ളതു് ഉഭയഭാഷാജ്ഞാനമുള്ളവൎക്കു് എളുപ്പം അറിയാവുന്നതാണു്. ചിലവററയെ താഴെ ഉദാഹരിക്കുന്നു.

ഉറങ്ങിന്റെ നേരം:— 'ഉറങ്കുകിന്റ' എന്ന തമിഴ് പദത്തിന്റെ വികാരരൂപമാണു് ഈ പദം എന്നു തോന്നുന്നു. എങ്കിലും, 'ഉറങ്ങ്' എന്ന ദ്രാവിഡ ധാതുവിൽ നിന്നും വ്യുൽപത്തിയാകയാൽ, തമിഴ്പദമാണു് എന്നു വാദിക്കുന്നതു് ശരിയല്ല. 'ന്റ' എന്നു് ഒരു 'ഇടനില' വൎത്തമാനകാലത്തെ സൂചിപ്പിക്കുന്നതായി മലയാളത്തിൽ ഉണ്ടു്. ഇതു്, ക്രിയാപദരൂപങ്ങൾ അനുസരിച്ചു ചിലപ്പോൾ 'ഇന്റ' എന്നും പ്രയോഗിക്കപ്പെടുന്നു. തമിഴിൽ ഇതിന്റെ രൂപം 'കിന്റ' എന്നാണു്. അൎത്ഥഭേദമില്ലെങ്കിലും, ഇത്ത

ക്തവ്യമായിട്ടുള്ളതു പറവാൻ ഗീതികാരനാണു് അധികാരം.

വക്തവ്യമെന്നു പറഞ്ഞതു് പരസംബന്ധികളായ ഓരോ കാര്യങ്ങളേ ഉദ്ദേശിച്ചാണെന്നും അവക്തവ്യമെന്നു പറഞ്ഞതു് സ്വചിത്തസംബന്ധികളായതുകളേ ഉദ്ദേശിച്ചാണെന്നും ഓൎക്കേണ്ടതാണു്.

രം പദങ്ങൾ തമിഴിന്റെ പൂർവ്വസ്വത്തല്ല. ആണെങ്കിൽ, 'കിൻറ' എന്നോ 'കിന്ന' എന്നോ പ്രയോഗിക്കപ്പെട്ടിരിക്കണം. 'ചെൻറ നേരത്തു്' എന്ന പ്രയോഗം കാൺക. തമിഴിലും 'ചെൻറ' എന്നുതന്നെ രൂപം. 'ചെൻറിരിന്നാൽ' ഇതിൽ 'ചെൻറു്' എന്ന സംവൃത അകാരം തമിഴിൽ സാവൃത ഉകാരമായി ഉച്ചരിക്കപ്പെടുന്നു. ഇവ ഐകരൂപ്യം കിട്ടിയിട്ടുള്ള ദ്രാവിഡഭാഷാപ്രയോഗങ്ങളാകുന്നു. ഇവ ഗ്രാമ്യങ്ങളാണെന്നു് വേറേ ചിലരുടെ പക്ഷം. ഗ്രാമ്യങ്ങളാണെങ്കിൽ അവ ഇന്നും ലൌകികപ്രയോഗത്തിൽ കാണപ്പെടേണ്ടവയാണ്. 'ചെൻറ്, നിൻറ്, എൻറു്' എന്നുംമററും പ്രയോഗിക്കുന്നവർ മലയാളികളുടെ ഇടയിൽ വളരെ ചുരുക്കമാണ്.

കനം— ഇതു് 'ഘനം' എന്ന സംസ്കൃതപദത്തിന്റെ തദ്ഭവമാണ്. ഘനത്തെ കനമെന്നു എഴുതുന്നതു് ഘോഷമില്ലാത്ത തമിഴിലെ രീതിയാണ്. പഴയ മലയാളത്തിൽ ഇത്തരം പ്രയോഗങ്ങൾ ദുർല്ലഭങ്ങളല്ല. 'തോകപ്പവനൻ' ഇതിൽ 'സ്തോകം' (അല്പം)എന്ന സംസ്കൃതപദം തോകമായിപ്പോയതു കാണാം*. അല്പമായകാററു (ഇളം കാററു) എന്നു അർത്ഥം. ഇന്നത്തെ മലയാളത്തിലും ഇത്തരം തദ്ഭവപദങ്ങൾ പ്രയോഗത്തിൽ അനവധിയുണ്ടു്. കഷ്ഠം—കൊട്ടം; രാജൻ—അരചൻ; വചാ—വയമ്പു്; ശുഷ്കം—ചുക്ക മുതലായവ കാൺക. അക്ഷരലോപമാകുന്ന'ഗ്രഹണ'ത്തിൽ നിന്നും തെളിഞ്ഞിരിക്കുന്ന കൈരളിയുടെ മുഖചന്ദ്രന് ഇനിയെങ്കിലും സുവ്യക്തമായിട്ടു പ്രകാശിക്കാമല്ലൊ.

അടയർ—ശത്രുക്കൾ. അടയാർ എന്നാണ് രൂപം. 'മുഴവാർമണി' മുഴവർ മണിയായതുപോലെ അടയാർ(?) അടയർ എന്നായിരിക്കുന്നു. സ്വപക്ഷത്തിൽ ചേരാത്തവർ എന്നു് വാച്യാർത്ഥം.

പറവർ— ഇതിനു 'പറക്കുന്നവർ' എന്നുള്ള അർത്ഥം ഉചിതമല്ല. 'അടവർ' എന്നതിന് അടയ്ക്കുന്നവർ' എന്നും, 'കുറവർ' എന്നതിനു 'കുറയ്ക്കുന്നവർ' എന്നും അർത്ഥം പറയുന്നതു് ശരിയാണെങ്കിൽ, 'പറവർ' പറക്കുന്നവരാകാം, പറ- ചിറകു്; അർ- ബഹുവചനപ്രത്യയം. ചിറകുള്ളവർ (പക്ഷികൾ) എന്നു് വ്യാഖ്യാനിക്കുന്നതു് ഉചിതം.

ചെററു്— 'അല്പം' എന്നർത്ഥം 'ചററു' എന്നുള്ള ദ്രാവിഡപദം 'ചെററു' ആയി തീർന്നിരിക്കുന്നു. പട്ടു—പെട്ടു; വച്ചു്—വെച്ചു്; കട്ടു—കെട്ടു ഇത്യാദി കാൺക.

മൽ— ഇതു് ദ്രാവിഡപദമാണൊ എന്നുകൂടി പലരും സംശയിച്ചിട്ടുണ്ടു്. ഇതിന്, തരുണമെന്നും സൌന്ദര്യമെന്നും പോരു് എന്നുംമററും പലരും അർത്ഥമെഴുതിക്കണ്ടിട്ടുണ്ടു്. 'മൽ' എന്ന പദത്തിനു 'കൊഴുപ്പു്' 'ചെഴിപ്പു്' എന്നൊക്കെയാണ് അർത്ഥം.

എമ്— ഇതു് മലയാളികൾക്കു ഒരു പദമെന്നുകൂടി തോന്നുമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. നമ്മുടെ മലയാളഭാഷ ആദിദ്രാവിഡശാഖയിൽ നല്ലവണ്ണം മുറുകിപ്പിടിച്ചു പടർന്നിട്ടുണ്ടു് എന്നുള്ളതിലേക്കു് ഇത്തരം പദങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ടു്. 'മുണ്ടകക്കലൈമ്മേരില്ല'. (1-25)

* അപത്യാർത്ഥത്തിൽ 'തോകം' എന്നു തന്നെ സംസ്കൃതപദമുണ്ടു്. Ed.

എന്നതിന്ന് 'മുണ്ടക്കൽ എമ്മ ഓരില്ലം' എന്ന് അൎത്ഥം പറഞ്ഞുവരാറുണ്ട്. 'എമ്മ' എന്നതിനു ഒരു വ്യുൽപത്തിയും കാണുന്നില്ല. 'എൻ' ധാതുവാണെങ്കിൽ 'എന്ന' എന്നാണ് വരേണ്ടതു്. പഴയമലയാളത്തിനു 'വാലുംതലയുമില്ല' എന്നു പറയുന്നവരുടെ വാദം അപവാദമാണ്. ഇന്നത്തെ മലയാളത്തിനെക്കാളും ദ്രാവിഡപദങ്ങളിൽ കൂടുതൽ വ്യാകരണശുദ്ധി കാണുന്നതു് പഴയമലയാളത്തിൽ തന്നെയാണ് എന്നുള്ളതിനു പല തെളിവുകളും ഉണ്ടു്. 'എന്നും ഓർഇല്ലം' എന്നുള്ളതു് 'എമ്മോരില്ലം' എന്നു പ്രയോഗിക്കപ്പെട്ടിരിക്കുന്നു. എൻ+ഉമ്. എന്നും. ഇതിലെ 'ഉകാരം' ലോപിക്കുന്നതിന്ന് തമിഴിൽ വിധിയുണ്ടു്. ഉകാരം ലോപിച്ചാൽ 'എൻമ്' എന്നാകും 'ൻമ' 'മ്മ' ആകുന്നതു് ദുർല്ലഭമല്ലല്ലോ. 'പല്ലെമ്മർ' 'മുത്തെമ്മർ' ഇത്യാദി ലീലാതിലകപ്രയോഗങ്ങളും 'ഇല്ലെമ്മാനില്ല' ഇത്യാദി നളചരിതാദി പ്രയോഗങ്ങളും കാൺക.

തേറിനോം— 'കരുതുന്നു' എന്നതു് ഇതിനു യോജിച്ച അൎത്ഥമല്ല. തേറുക- നിശ്ചയിക്കു (തെളിയുക). തേറിനോം ഞങ്ങൾ-ഞങ്ങൾ നിശ്ചയിച്ചു എന്നു വ്യാഖ്യാനിക്കുന്നതു് ഉചിതം

ചാല— 'അഴകായിട്ടു്' എന്നുള്ള അൎത്ഥം ഇതിന്ന് ഉചിതമല്ല. 'ധാരാളമായി' എന്നാണ് ഇതിനു അൎത്ഥമുള്ളതു്. 'ചാലെ' എന്നു് ഇപ്പോഴും പ്രയോഗത്തിലിരിക്കുന്ന പദം അങ്കുരിച്ചതു് ഈ 'ചാല' യിൽനിന്നുതന്നെ. 'വേണ്ടത്തക്ക ഗുണങ്ങൾ തികഞ്ഞു്' എന്നു 'ചാലെ' എന്ന പദത്തിനു അൎത്ഥം. 'തികഞ്ഞു' എന്നു വാക്യാൎത്ഥം. 'ചാൽപ്പ്' എന്ന പദത്തിനും ഇതുതന്നെ അൎത്ഥം 'ചാലെ' എന്നതിനു 'അഴകു്' എന്നൎത്ഥം ഇല്ല.

തുയിർ— ദുഃഖം. 'തുയർ' എന്ന രൂപം ശുദ്ധം.

മാർവ്വ്—മാറു. മാർപ്പ് എന്നു ശുദ്ധരൂപം. പകാരം വകാരമായി മാറിക്കാണുന്നു*. 'അറുവതു്' (1—18) അറുപതു്.

കടർ—കടൽ (1—42) ലകാരത്തിനു രകാരം ആദേശം. കടൽ—കടർ, മടൽ—മടർ, തിടൽ—തിടർ എന്നും വരാം.

ചെൽവം—ധനം (1—46)

നൈ—നെയ്യ്. (1—46) തയിർ-തൈർ എന്നും വരും. നെയ്യ് 'നൈ'യാകുന്നതും മെയ്യ് (ശരീരം) 'മൈ'യാകുന്നതും തെററാണെങ്കിലും പ്രയോഗബഹുലങ്ങളായതുകൊണ്ടു സ്വീകരിക്കേണ്ടിയിരിക്കുന്നു.

കാലി—പശുക്കൾ. 'കന്നുകാലികൾ' എന്ന് ഇന്നും പ്രയോഗമുണ്ടു്. കാലുകൾകൊണ്ടല്ലാതെ വാഹനങ്ങളിൽ സഞ്ചരിക്കാൻ കഴിയാത്തവയാകകൊണ്ടു് മൃഗങ്ങൾക്കു് 'കാലി' എന്നു പേർ പറയപ്പെടുന്നു. ഇപ്പോഴത്തെ മലയാളത്തിൽ കന്നു് ഇല്ലാതെ കാലി ഇല്ലെന്നാണ് അറിയുന്നതു്.

പോരാതോ—(1—55) 'പോതരാതോ' എന്നു് ശുദ്ധരൂപം. പോ—ധാതു; തരു്-സഹായക്രിയ; ആ—നിഷേധാൎത്ഥം ദ്യോതിപ്പിക്കുന്നു: തു—പ്രത്യയം. ഓ—ചോദ്യം. പ്രയോഗത്തിൽ, ഈ പദത്തിന്ന്, 'മതിയാകയില്ലയോ' എന്നു് അൎത്ഥം സിദ്ധിച്ചിട്ടുണ്ടു്.

ഇടംപാട്ട്—വിസ്താരം. 'പട്ടു്' എന്ന ക്രിയയുടെ നാമരൂപമാണ് 'പാട്ടു്' പട്ടുക ഉണ്ടാകുക. എടം പാട്ടു് എന്നും പ്രയോഗം.

* ഇതു മുദ്രണപ്രമാദവുമാകാം. Ed

വിയം പേരു് — (1—57) — വിയൻ പേരു്. വിയൻ—വലിയ (മഹത്തായ) പേരു്-സ്ഥാനപ്പേരു എന്നൎത്ഥം. 'വിയം പേരു' എന്നതിനു 'ഇട്ടു വിളിക്കുന്ന പേരു്' എന്നു വ്യാഖ്യാനിക്കുന്നതു് വളരെ ഉചിതമായിരിക്കുമെന്നു തോന്നുന്നു. 'വിയംകോൾ' എന്നുള്ള തമിഴ് പ്രയോഗം നോക്കുക.

ചോണാട്ട്— (1—63) ഇതു് ചോഴൻ നാട്ട് എന്നതിൻെറ ലോപമാണു്. എന്നാൽ 'വേണാട്ട്' 'വേഴൻനാട്ട്' അല്ല. അതു് 'വേൾനാട്ട്'ആണു്. 'വേൾ' എന്നപേരു് പണ്ടെക്കാലത്തെ നാട്ടുവാഴി പ്രഭുക്കന്മാൎക്കു നൽകീട്ടുള്ളതാണു്.

തൊല്ലം. (1-71)—'തൊൽമ' എന്നതിൻെറ രൂപഭേദമാണു് 'തൊല്ലം' തൊൽ + അം=തൊല്ലം. അം-ഗുണനാമ പ്രത്യയം 'തൊല്ലം കൊല്ലം' -പഴയകൊല്ലം 'തൊല്ലൈ' എന്നു തമിഴിൽ പ്രയോഗമുണ്ടു്. പദസന്ധിയിൽ തൊല്ലൈയം കൊല്ലം' എന്നുവരും. 'തൊല്ലൈയം' എന്നതിൻെറ ലോപമാണു് 'തൊല്ലം' എന്ന അഭ്യൂഹം അനുചിതമല്ലെന്നു തോന്നുന്നു.

മാററാർ (1-77)—'ശത്രുക്കൾ' എന്നൎത്ഥം. 'അടയർ' എന്ന പ്രയോഗംപോലെ. മാററു പൈരിത്യം. വിപരീത പക്ഷികൾ എന്നു 'മാററാർ' പദത്തിനു് വാച്യാൎത്ഥം.

'തിക്കിക്കൂട്ടം' (1-79)—തിക്കുക-നെരുങ്ങുക 'തിങ്ങുക' എന്നതിൻെറ വികാരരൂപമാണു് 'തിക്കുക'. 'തിക്കുക' എന്ന രൂപത്തിൽ തമിഴിൽ ഒരു ഗ്രാമ്യപ്രയോഗമുണ്ടു്. അതിനു 'പിണങ്ങുക' 'തെററുക' 'പിണയുക' എന്നു് പല അൎത്ഥങ്ങളും കാണുന്നു. 'ഓരോരുത്തരും തമ്മിൽ ഇടഞ്ഞുകൂട്ടം', എന്നൎത്ഥത്തിലാണു് പ്രസ്തുതപദം ബന്ധിക്കപ്പെട്ടിട്ടുള്ളതെന്നു തോന്നുന്നു.

'മൂവന്തി' (1-79)-മുൻ അന്തി''മൂവന്തി' യായിരിക്കുന്നു. അന്തി-സന്ധി (സന്ധ്യാ) 'അന്തിയുടെ മുൻ' എന്നുള്ളതു്'മുൻഅന്തി' ആയി മാറിയിരിക്കുന്നു. 'അകനക (ഗ)ർ' 'നടുവൂർ' മുതലായവ ഉദാഹരണങ്ങൾ 'മൂവന്തി' മോന്തി ഇവ രണ്ടും ഗ്രാമ്യം.

'ഈണ്ടിക്കൂട്ടം ദ്വിജപരിഷൽ' (1-91).-ഈണ്ടിക്കൂട്ടുക - വീണ്ടും കൂട്ടുകയല്ല. ഈണ്ടുക—ചേരുക. പല സ്ഥലങ്ങളിലും നിന്നും വന്നു അധികമായി ചേരുന്നതിനെയാണു് ഈണ്ടിക്കൂട്ടുക എന്നു പറഞ്ഞിട്ടുള്ളതു്. നിശി തമസിഎന്ന പ്രയോഗം പോലെ ഏകാൎത്ഥപദങ്ങൾ പ്രയോഗിക്കപ്പെട്ടിരിക്കുന്നു. ആധിക്യം സൂചിപ്പിക്കുന്നതു് വിവക്ഷ. (തുടരും)

യുദ്ധത്തിനിടയ്ക്കു്.

കടലാസിനു് അസാധാരണമായി വില വൎദ്ധിച്ചിരിക്കുന്ന വിവരം സകലൎക്കും അറിയാവുന്നതാണല്ലോ. വരിസംഖ്യ അടയ്ക്കാനുള്ള മാന്യർ ഉടൻ തന്നെ മുഴവൻ തുകയും അടച്ചു തീൎക്കണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

കാൎയ്യദൎശി

സഹൃദയസമാജം.

ദേവാംഗന.

കിളിമാനൂർ എൻ. കേശവൻ

1

പൊന്നിൻ പൊടികൾ പുലരിയാൾ പൂവിലും
പൊന്നലതന്നിലും വാനിലും പൂശവേ,
വിണ്ണിൻ ചരിഞ്ഞ ചുവരിലായ് നിർമ്മല-
മുണ്ണിക്കതിരവ ദർപ്പണം തൂങ്ങവേ
വെണ്മ കലന്ന വിൺമാളികമേൽ ചില
ചെമ്മുകിൽ ചാർത്തുകൾ കാററിൽ കളിക്കവേ,
പ്രേമം തുളുമ്പിനിന്നീടുന്ന മാമക
ഭാമിനിതൻമാറിലേയ്ക്കൊന്നു ചാഞ്ഞു ഞാൻ
ആരാമരാമതൻ മേനി പുണരുവാ-
നാരാലണയും വസന്തം കണക്കിനേ.
"വന്നും മറഞ്ഞും കഴിവൂ പ്രണയമീ-
മന്നിൽ" മൊഴിഞ്ഞവൾ ചുംബനപൂർവ്വകം!
"പൂമലർ തോറും പറന്നു തിരിഞ്ഞിടും
ശ്യാമളകോമളമായ പൂമ്പാററപോൽ"

2

കോരകമാടി വിടുന്ന നൽപൂമ്പൊടി
വാരൊളിയാർന്നിങ്ങിളകുന്ന മാതിരി
കാറിൻനടുവിൽ നിന്നാവിർഭവിച്ചൊരു
ദേവാംഗന;യവൾ മംഗലരൂപിണി
വെൺപട്ടിനൊപ്പം മിനുത്തു മൃദുവായ
പൊൻപക്ഷമേലും മരാളംകണക്കിനേ
മാനത്തുനിന്നു മഹിയിലേക്കാനന്ദ-
ലീനയായ് മന്ദമണഞ്ഞൊളി തേടവോൾ.
സൂരൻ വിയത്തിൽ നിന്നൂഴിയിലേക്കൊരു
മാരിവില്ലായിടും കോണി പടുത്തുടൻ
കാല്യം കണക്കുള്ള കല്യാണമേനിയെ-
ക്കണ്ടെന്മിഴികൾ കുളിർത്തു സുമസമം
എങ്ങോ മറഞ്ഞു കിടന്നൊരെൻഭാവന

പൊങ്ങിത്തിളങ്ങി വിളങ്ങി പൊട്ടുന്നനെ.
കാർമുകിൽ മാലകൾ നീങ്ങി സ്വയം വന്ന
വാർമതിക്കൂമ്പു വിയത് സ്ഥലത്തെന്നപോൽ
പൂന്തേൻ പുരട്ടിയോരായിരം ചുംബനം
കാന്തയ്ക്കു സന്തോഷലാലസയ്ക്കേകി ഞാൻ.
കെട്ടിപ്പുണർന്നാത്തനുവല്ലി പിന്നെയും
കേട്ടു മുരളീനിനാദമൊന്നീവിധം
"പൂമലർതോറും പറന്നു തിരിഞ്ഞിട്ടും
ശ്യാമളകോമളമായ പൂമ്പാററപോൽ
വന്നും മറഞ്ഞും കഴിവൂ പ്രണയമീ-
മന്നിൽ" മൊഴിഞ്ഞവൾ ചുംബനപൂർവ്വകം.

3

കിന്നരനാരിതൻ മുന്നിലേക്കാഞ്ഞു ഞാൻ
പൊന്നുടയാടയിൽ പററിനിന്നീടുവാൻ
ആഞ്ഞുപിടിക്കുവാൻ നീട്ടിയ കൈകളു-
മായി ദയിതയാൾ കേണുനിന്നങ്ങനെ.

*　　*　　*　　*　　*　　*

പൊൽക്കൂടു വിട്ടു പറന്ന പറവപോൽ
പോകുകയാണു ഞാനേതോ തിരഞ്ഞഹോ!
പാഴ്ച്ചെളി പാരം കൊതിക്കുന്ന മീനങ്ങ-
ളല്ലീ പരാധീനരായിട്ടും മാനുഷർ ?
സൗവർണ്ണനിർഝരം പോലവേ പാഞ്ഞുടൻ
ദേവനാരീമണി സങ്കോചപൂർണ്ണയായ് !
കാററിനെപ്പിന്നുടന്നോട്ടുന്ന ചെമ്മുകിൽ
ക്കീറുപോൽ വിശ്രമമേലാതെ പോയി ഞാൻ.
പൂങ്കുയിൽനാദമുഖരിതമായിട്ടും
പൂങ്കാവനങ്ങളും മഞ്ജുകുഞ്ജങ്ങളും
ബാലതൃണാവലിയേലും തലങ്ങളും
ചേലിലിളംവെയിൽ താവും വയൽകളും
താരും തരുക്കളും തങ്ങും വനങ്ങളും
ദേവാംഗന ജവം പിന്നിട്ടു കേറിനാൾ.
പക്ഷമിളക്കിപ്പറന്നു കളിക്കുന്ന
പക്ഷിതൻ ഛായപോൽ ഞാനും ഗമിച്ചുടൻ

അംബരനാരിതന്നാടയിൽ തൂങ്ങിനി-
ന്നാടിക്കളിക്കമിളംപിറപോലവേ,
ആലോലവായുവിലാടുന്ന പൂവിങ്ക-
ലേലും ഹിമജലശീകരമെന്നപോൽ
ഉത്തുംഗശൃംഗത്തിലെത്തിയ ദേവിതൻ
തത്തിക്കളിക്കുന്ന സാരിയിലാടി ഞാൻ.

4

കുട്ടിക്കതിരവനായിരംകൈകളാൽ
കെട്ടിവരിഞ്ഞെൻെറ മേനി മറക്കവേ
പാൎവ്വണചന്ദ്രാസ്യ പൎവ്വതം വിട്ടുടൻ
താഴ്‌വര നോക്കിക്കുതിച്ചു പാഞ്ഞൂ ജവം.
കീഴ്‌പോട്ടു ഞാനുമനുഗമിച്ചീടിനേൻ
മേൽപുരമേൽ വീണു കന്ദുകമെന്നപോൽ.

5

പ്രാണപ്രണയിനി കേണു കേണെൻമൃദു-
മേനിയെക്കെട്ടിപ്പുണൎന്നു നിന്നീടിനാൾ
ആഴിതന്മാറിലേക്കായുന്ന ഭാനുവിൻ
പൊൻകരമാഞ്ഞുപിടിക്കുന്ന കൊണ്ടൽപോൽ
നാനാവികാരതരളിതനായ് ജഗൽ-
പ്രാണനിലാടുമിലപോലെനിന്നു ഞാൻ!
"ദൂരവേ പോവുകെന്നോമലേ സൗന്ദൎയ്യ-
ദേവത പോയിമറഞ്ഞെന്നു വെമ്പി ഞാൻ
ആയിരമായിരമായതം വീൎപ്പുകൾ
വായുവിലേക്കു പകൎന്നു മൊഴിഞ്ഞവൾ
"തുള്ളിത്തുളുമ്പും മരന്ദം തെരുതെരെ
ത്തമ്മിൽപകരും സുമദ്വയമാണു നാം".
താഴെയൊരാഴമെഴുന്ന കുഴിയതിൽ
വീഴുന്നു കേഴമാൻകണ്ണിയാളൂക്കിനാൽ.
പിഞ്ചുചിറകറുത്തുഴിയിലിട്ടൊരു
പഞ്ചവൎണ്ണക്കിളിപോലെ കരഞ്ഞവൾ.

6

പൊങ്ങും പരിമളം തങ്ങുന്ന മഞ്ജുള-
മംഗള മന്ദാരമാല്യമാദേവിയാൾ

മന്ദാക്ഷമന്ദസ്മിതാനന്ദസാന്ദ്രയായ്
മന്ദമപ്പിച്ചിതു മാമകപാണിയിൽ
ആശിപ്പതേതാനുമെങ്കിലും കിട്ടിയാൽ
വിശപവിജയിക്കുമുണ്ടൊരു കൗതുകം.
മഞ്ജുശലഭത്തെ യെത്തിപ്പിടിക്കുവാൻ
കുഞ്ഞിളം കൈകളെ നീട്ടുന്ന മാതിരി
ഞാനെന്റെ ദേവിയെയാഞ്ഞുപിടിച്ചിടാൻ
സാനന്ദമെൻകരം നീട്ടിത്തെരുതെരെ.
വാനിലേക്കൊന്നു കുതിച്ചവൾ, മാരിവി-
ല്ലെന്നപോലെങ്ങോ മറഞ്ഞു ഞാനേകനായ്.

7

കുട്ടിക്കതിരവൻ പിന്നെയുമായിരം
ചാട്ടം നടത്തിയുദയാർദ്രിയേറുവാൻ
അല്ലലില്ലാതെയുമല്ലിനെ വെൺമതി
നല്ല ദുകൂലം പുതപ്പിച്ചു ഭംഗിയായ്
വാതവും ശീതവും വേനലും വർഷവും
വന്നു മറഞ്ഞു പലവട്ടമൂഴിയിൽ
താരും തരുക്കളും താരകരാജിയും
ധാരാളമിക്കിളിയേററു ചിരിച്ചുപോയ്.
കാന്ത പതിച്ചു മരിച്ചൊരക്കുണ്ടിൽ ഞാൻ
സന്തപ്തബാഷ്പം പൊഴിപ്പൂ ദിനം പ്രതി
ദൈവദത്തം പരം സ്നേഹം-പവിത്രമി-
ബ്ഭുവിലെ ബ്ഭാവനാപീയൂഷ മാണതു്
സൗവർണ്ണപഞ്ജരം തന്നിൽ കളിക്കുന്ന
പാവനമേനിയാം ശാരികയാണതു്.
മാമകരോദനം മാറെറാലിക്കൊൾകയാൽ
മർമ്മരനാദം ശ്രവിപ്പൂ ഞാൻ ചുഴവും.
ചക്രവാളത്തിനു ചെററടുത്താണെന്റെ
ചക്ഷുസ്സുകൾക്കുള്ള വിശ്രമത്താവളം.
മന്ദാരമാലയും മാമകഭാര്യയു-
മിന്നെന്റെ യാരാദ്ധ്യസുന്ദരരൂപികൾ
ലോകം സകലകലാലയം-കണ്ടു ഞാൻ
ലോലതുഹിനം കണക്കു മറഞ്ഞിടും.

സാഗരത്തിന്റെ മഹിമാവ്*

(ജി. ഗോപാലപിള്ള B. A. & L. T.)

വിവിധഭാവത്തിൽ തുടർച്ചയായി പ്രകൃതിയിൽ പ്രത്യക്ഷപ്പെടുന്ന അത്യുച്ഛ്റിതമായ അനേകം വസ്തുക്കളുണ്ടെങ്കിലും യഥാർത്ഥമായ മഹിമാവബോധം ദ്രഷ്ടാവിഹൃദയത്തിൽ ഇളക്കിവിടുന്നതിന് സാഗരത്തെപ്പോലെ മറെറാന്നിനും കഴിയുന്നില്ല.

സൗന്ദര്യബോധജനകങ്ങളും ചിന്താദ്യോതകങ്ങളുമായ എത്ര എത്ര വസ്തുക്കൾ നാം എന്നും പ്രകൃതിയിൽ കാണുന്നുണ്ട്. എന്നാൽ സാഗരം മറെറല്ലാററിനേയും കീഴ്പ്പെടുത്തുന്നു. തെക്കെ അമേരിക്കയുടെ മുഴുവൻ നീളത്തിലും ഇടവിടാതെ കിടക്കുന്ന അത്യുന്നതമായ പർവ്വതപംക്തികളോ, അത്രയും ഭീമാകാരമല്ലാത്ത ആൽപ്സിന്റേയും പിരിണീസിന്റേയും രമണീയപ്രാന്തങ്ങളോ, എന്നും മഞ്ഞുകട്ടകൾകൊണ്ട് മൂടിക്കിടക്കുന്ന ഹിമാലയശൃംഗങ്ങളോ പ്രകൃതിയുടെ അനന്തമായ വിഭൂതിയേപ്പററി ചിന്തിക്കുന്നതിന് അതിശക്തിയായി നമ്മേ പ്രേരിപ്പിച്ചേക്കാം. എങ്കിലും താരതമ്യേന പറയുകയാണെങ്കിൽ അവയെല്ലാം നിഷ്പ്രയാസം പൂർണ്ണമായും തീർണ്ണമായിക്കഴിഞ്ഞു. അവയുടെ ഉയരവും വിസ്തീർണ്ണതയും മനുഷ്യൻ രേഖപ്പെടുത്തിയിട്ടുണ്ട്. അവയുടെ വലിപ്പം ഭൂഗോളത്തിന്റെ മുഴുവൻ മഹത്ത്വവുമായി നോക്കുമ്പോൾ, അവയെല്ലാം തന്നെ തള്ളി നിൽക്കുന്ന വെറും കുന്നുകൾ മാത്രമാണെന്നും മനുഷ്യൻ ഇതിനകം ഗ്രഹിച്ചുകഴിഞ്ഞതാണു്.

8

ഇന്നുഞാൻനിസ്സാരജീവിയെന്നാകിലു-
മിന്നാടകത്തിൽ നടിക്കേണമൊക്കെയും
നാടകവേദി ഞാനേറിയാലെന്തിനാ-
യാടൽ വിരിച്ചു നിറുത്തണം നാടകം ?
ഉള്ളിലണിയറതന്നിലിരിപ്പവ-
രുള്ളം തെളിഞ്ഞു പുറത്തുവരും ദൃഢം.
നൃത്തനികേതനം വിട്ടുടൻ മാദൃശ-
രത്രയുമിത്തിരയ്ക്കുള്ളിൽ മറഞ്ഞിടും.
ഭംഗമില്ലാത്തൊരീനാടക'നാന്ദി' നൽ-
ഭംഗിയായ് ചൊല്ലിയതാരുവാനാരുവാൻ?
നന്നായ് 'ഭരതവാക്യം' പാടുവാനിനി
യിന്നാട്യവേദിയിലേറുവതാരുവാൻ?

* ഇംഗ്ലീഷിൽ നിന്നും

എന്നാൽ അപരിമേയതയേപ്പററി ചിന്തിക്കുന്നതിനാണ് സമുദ്രം നമ്മേ ആദ്യം പ്രേരിപ്പിക്കുന്നത്. അനന്തതയേപ്പററിയുള്ള അസ്പഷ്ടമായ ഒരു് അറിവ് ഹൃദയത്തിൽ ഉണ്ടാക്കുന്നതിന് സമുദ്രത്തിനേപ്പോലെ മററൊന്നിനും സാധ്യമല്ല. മനുഷ്യന് ചെന്നെത്തുന്നതിനു കഴിയാത്ത പ്രദേശങ്ങൾ സമുദ്രാന്തർഭാഗത്തിൽ എത്രയധികമുണ്ട്? ഏതു ദിക്കിലേക്കും എത്ര ദൂരംവരേയും ഇതിൻെറ മുകൾപ്പരപ്പിൽക്കൂടി മനുഷ്യനു സഞ്ചരിക്കുന്നതിന് കഴിയുമായിരിക്കാം. ഭൂമിയിലേപ്പോലെ സ്ഥായിയായ യാതൊരടയാളവും അതിന്മേൽ ഉണ്ടാക്കുന്നതിനവന് സാധ്യമല്ല. ഒരിക്കൽ പോയ പാതയിൽക്കൂടിത്തന്നെ വീണ്ടും സഞ്ചരിക്കുക അസാധ്യമാണ്. ആദ്യമുണ്ടായ ചാലിൽജലം വീണ്ടും പരന്ന് ആദ്യമുണ്ടായിരുന്ന ഗാംഭീര്യം അതു് പിന്നെയും പ്രത്യക്ഷപ്പെടുത്തുന്നു. പ്രകൃതിശക്തിയല്ലാതെ മററൊന്നും അതിനേ പ്രവർത്തിപ്പിക്കുന്നില്ല.

സമുദ്രത്തിൻെറ സ്ഥിരത മഹത്തും വിസ്മയാവഹവുമാണ്. പ്രകൃതി അടച്ചിട്ടിരിക്കുന്ന അതിരുകളെ അതു് ലംഘിക്കുന്നില്ല. ഒരിക്കൽ തിരമാലകൾക്കധീനമായിത്തീർന്ന സ്ഥലം അവ വിട്ടുകൊടുക്കുന്നില്ല. മറഞ്ഞുകിടക്കുന്ന അതിൻെറ അന്തരാളത്തിൽക്കൂടിയുള്ള പാതകൾ എന്നും അജ്ഞാതങ്ങളായിരിക്കും. അതിൻെറ അഗാധതയിൽ കല്പാന്തകാലംവരെ ഒളിവിൽ കിടക്കാനുള്ള മഹാരഹസ്യങ്ങൾ നിരവധിയാണ്. അവ ദിനംദിനം വർദ്ധിച്ചുകൊണ്ടാണിരിക്കുന്നത്. ഈശ്വരൻെറ ആജ്ഞയെ കടൽ ഇന്നും അതുപോലെ അനുസരിക്കുന്നു.

"നീ ഇവിടെവരെ വന്നുകൊള്ളുക. ഇതിനപ്പുറം കടക്കരുതു്. ഗർവ്വിഷ്ഠരായ നിൻെറ തിരമാലകൾ ഇവിടെ നില്ക്കട്ടെ"

പ്രചണ്ഡമാരുതൻെറ ക്ഷോഭത്തിൽ ഇളകിമറിഞ്ഞുവശായ ഒരു മഹാസമുദ്രത്തേക്കാൾ ഭയാനകമായി മനുഷ്യൻെറ ഭാവനയിൽപോലും യാതൊന്നുമില്ല. അതിൻെറ ആരവം ലോകത്തെ മുഴുവൻ വിറപ്പിക്കുന്നു. ജീവജാലങ്ങളെല്ലാം ഞെട്ടിത്തെറിക്കുന്നുണ്ട്. ജലമഹാമേരുക്കൾ അതിഭീകരഗർജ്ജനങ്ങളോടുകൂടി അതിൻെറ മുകൾപ്പരപ്പിൽ ഉരുണ്ടുനടന്ന് തമ്മിൽക്കൂട്ടിയടിച്ച് നാമാവശേഷമാകുന്നു. നിമിഷമാത്രയിൽതന്നെ അവ വീണ്ടും ഭയങ്കരമായ അട്ടഹാസങ്ങളോടുകൂടി ഉയരുന്നു. അതിൻെറ ഉപരിതലത്തിൽക്കൂടി സഞ്ചരിക്കാമെന്നുള്ള ഗർവ്വിൽ പൊങ്ങിക്കിടക്കുന്ന സകലതിനേയും അവ തല്ലിത്തകർക്കുന്നു. ഇവിടെമാത്രമാണ് മനുഷ്യൻെറ അഹങ്കാരവും ധൈര്യവും നിലം പതിക്കുന്നത്. അതിൻെറ അലച്ചയിൽ ധീരൻ സ്തംഭിക്കും, ഗർവ്വിതൻ നിലവിളിക്കും. ശാന്തൻ അതിൽ ലയിച്ചുകിടക്കുന്ന അപ്രമേയമായ ആ മഹാശക്തിയെ സ്തുതിക്കും. ഇരപിടിക്കാൻ പതിയിരിക്കുന്ന സിംഹത്തേപ്പോലെയാണ് ശാന്തതയിലാണ്ട മഹാസമുദ്രം.

അതിൻെറ ഏകാന്തതകയും ദുർബോധതയും, അതു് സൂക്ഷിക്കുന്ന മഹാഭണ്ഡാഗാരമെന്തെന്നാലോചിച്ചാൽ, ഏററവും അത്യാവശ്യമാണെന്ന് നമുക്ക് മനസ്സിലാക്കാം. ആഴിയുടെ അടിത്തട്ടിൽ മറഞ്ഞുകിടക്കുന്ന അഗാധതയിൽ ഉള്ള ഗുഹാന്തർഭാഗങ്ങളിൽ ഒരിക്കലും പ്രഖ്യാപനം ചെയ്യാൻ പാടില്ലാത്ത അനവധി ദിവ്യ

രഹസ്യങ്ങൾ ഉണ്ടായിരിക്കണം. മനുഷ്യന്റെ അറിവിൽപ്പെടാത്ത എത്രശതം ജീവികൾ അംബുധിയുടെ ആഴത്തിൽ സ്വച്ഛന്ദവിഹാരം ചെയ്യുന്നുണ്ട്! ഭാസുരമായ എത്ര വൻപിച്ച ദ്രവ്യസഞ്ചയത്തെ പൊതിഞ്ഞു സ്ഥിതിചെയ്യുന്ന മനോഹരമായ പവിഴപ്പുറ്റുകൾ ഒന്നോ രണ്ടോ അല്ല സമുദ്രാന്തർഭാഗത്തുള്ളതു്. അനേകം മൈൽ താഴ്ചയിൽ ഏകാന്തതയുടെ അമൃതരസം ആസ്വദിച്ചു കഴിയുന്ന ഒരു പാറയിൽ പററിപ്പിടിച്ചു വളരുന്ന ഒരു പായലിന് എന്തെല്ലാം കഥകൾ ലോകത്തോടു പറയുന്നതിനുണ്ടായിരിക്കണം.

ജലത്തിന്റെ അതിഭീമമായ ഭാരത്തിൽ നിന്നും രക്ഷപ്പെട്ട് ഉയർന്നുവരാൻ കഴിയുമായിരുന്നെങ്കിൽ അതിമനോഹരമായ ദ്വീപുകളായി ഭവിക്കുമായിരുന്ന എത്ര സഹസ്രം ഭൂഭാഗങ്ങൾ സമുദ്രജലം ഒളിച്ചുവച്ചിട്ടുണ്ട്. പരിശുദ്ധവും, വിലമതിക്കാൻ കഴിയാത്തതും ആയ എത്ര ദിവ്യരത്നങ്ങൾ സൂര്യരശ്മിപോലും ചെന്നെത്താൻ കഴിയാത്ത വാരിധിയുടെ അന്തരാളത്തിൽ സ്വയംപ്രകാശിച്ച് കഴിയുന്നുണ്ട്!

അതിഘോരമായ അലച്ചിലുകൾ പകരം ഏതെങ്കിലും ഭാഷയിൽ ഈ തിരമാലകൾക്ക് എന്തെങ്കിലും സംസാരിക്കാൻ കഴിയുമായിരുന്നെങ്കിൽ! മൃത്യുവിന്റെ കരാളവക്ത്രത്തിൽപ്പെട്ടു നട്ടം തിരിഞ്ഞിട്ടുള്ള എത്ര ജീവികളുടെ ശോകപര്യവസായിയായ രംഗങ്ങൾ വെളിപ്പെടുമായിരുന്നു.

എന്റെ സഹോദരീസഹോദരന്മാരിൽ എത്ര ലക്ഷംപേരെ നീ ഇതിനകം വിഴുങ്ങിക്കഴിഞ്ഞിട്ടുണ്ട്! എത്ര സഹസ്രം അസ്ഥിപഞ്ജരങ്ങൾ നിന്റെ അന്തരാളത്തിൽ ലയിച്ചുചേർന്നിട്ടുണ്ട്! നിന്റെ ഘോരതയിലും ഗൂഢതയിലും മാത്രമാണ് നിന്റെ മഹിമ സ്ഥിതിചെയ്യുന്നതു്! നിന്റെ കോട്ടകൾ അഭേദ്യങ്ങളാണ്. നിന്റെ സേനാസമൂഹങ്ങൾ പരാജയം എന്തെന്നറിഞ്ഞിട്ടില്ല! അതിലാണ് നിന്റെ സൗന്ദര്യം സ്ഥിതിചെയ്യുന്നതു്.

ആ സൗന്ദര്യം ആസ്വദിച്ചുകൊണ്ട് നിന്റെ സമീപത്തു സൂക്ഷ്മദൃഷ്ടിയോടെ നോക്കുന്ന ഒരു സഹൃദയന്റെ ചിന്താഗതി പരബ്രഹ്മത്തിന്റെ അനന്തതയിലും മനുഷ്യന്റെയും അവന്റെ ബന്ധങ്ങളുടേയും നിസ്സാരതയിലും കൂടി പാഞ്ഞു് അവർണ്ണനീയമായ ഏതോ ഒരു് ആനന്ദാനുഭൂതിയിൽ ലയിക്കുമെന്നുള്ളതിന്നു് സംശയമില്ല.